2023
JULY
14
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും കണ്ടെത്താൻ സ്പെഷൽ ബ്രാഞ്ച്

**തിരുവനന്തപുരം:** വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ കരിഞ്ചന്തയും പൂഴ്ത്തി!വയ്പ്പും കണ്ടെത്തുന്നതിന് സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ ജില്ലാ പൊലീസ് മേധാവികൾക്ക് ഡിജിപി എസ്.ദർവേഷ് സാഹിബ് നിർദേശം നൽകി. സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തി ജില്ലാ ഭരണകൂടങ്ങൾക്ക് കൈമാറാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കരിഞ്ചന്ത, പൂഴ്ത്തി!വയ്പ് എന്നിവ തടയുന്നതിന് വിവിധ വകുപ്പുകൾ പരിശോധന നടത്തുമ്പോൾ പൊലീസ് സംരക്ഷണവും സഹായവും നൽകണം.

വിലക്കയറ്റം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കൃത്യവും സമയബന്ധിതവുമായി നിയമനടപടി സ്വീകരിക്കണം ഡിജിപി ആവശ്യപ്പെട്ടു.എന്നാൽ, വില നിയന്ത്രിക്കാൻ പരിശോധന കർശനമാക്കാർ സർക്കാർ തലത്തിൽ ഇതുവരെ കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. അമിത വില ഈടാക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് പത്രക്കുറിപ്പിലൂടെ മുഖ്യമന്ത്രി അറിയിച്ചെങ്കിലും, പരിശോധന നടത്തി നടപടിയെടുത്തതു സംബന്ധിച്ച് വിവരമൊന്നും ലഭ്യമല്ല. എല്ലാ വ്യാപാര സ്ഥാപനങ്ങളുടെ മുന്നിലും വിലനിലവാര പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്ന നിർദേശവും നടപ്പായില്ല.

എല്ലാ ജില്ലകളിലും ഓണച്ചന്തകൾ തുടങ്ങാനുള്ള ശുപാർശ സിവിൽ സപ്ലൈസ് വകുപ്പ് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഓണച്ചന്തകളിൽ വില കുറച്ചാണോ സാധനങ്ങൾ വിൽക്കുന്നതെന്നതിനെക്കുറിച്ച് സർക്കാരാണ് തീരുമാനം എടുക്കേണ്ടതെന്ന് സിവിൽ സപ്ലൈസ് വകുപ്പ് അറിയിച്ചു. ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫിസർ, താലൂക്ക് സപ്ലൈ ഓഫിസർ, ലീഗൽ മെട്രോളജി ഡപ്യൂട്ടി കൺട്രോളർ, പൊലീസ് എന്നിവരടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പരിശോധന ശക്തമാക്കാനും തീരുമാനിച്ചു.

# ചന്ദ്രയാൻ 3; ഇന്ന് കുതിക്കും

**ചെന്നൈ:** രാജ്യം പ്രതീക്ഷയോടെ കാത്തിരുന്ന മൂന്നാം ചാന്ദ്ര ദൗത്യം ചന്ദ്രയാൻ 3 വിക്ഷേപണത്തിനുള്ള കൗണ്ട്ഡൗൺ ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിൽ ഇന്നലെ ആരംഭിച്ചു. 25.30 മണിക്കൂർ നീളുന്ന കൗണ്ട്ഡൗൺ ഉച്ചയ്ക്ക് 1.05നാണ് ആരംഭിച്ചത്. ഇന്ന് ഉച്ചയ്ക്ക് 2.35നു രണ്ടാം വിക്ഷേപണത്തറയിൽ നിന്നാണു ചന്ദ്രയാൻ 3 ദൗത്യം കുതിച്ചുയരുക.



പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും കൃത്യമാണെന്ന് ഒരിക്കൽ കൂടി പരിശോധിച്ച് ദൗത്യ ഒരുക്കങ്ങളുടെ അവലോകനം നടത്തുന്ന മിഷൻ റെഡിനസ് റിവ്യൂ (എംആർആർ) പൂർത്തിയാക്കിയ ശേഷം ഇസ്റോ ചെയർമാനും ഇസ്റോയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഡയറക്ടർമാരും ഉൾപ്പെടുന്ന വിക്ഷേപണ അംഗീകാര ബോർഡ് (ലോഞ്ച് ഓതറൈസേഷൻ ബോർഡ്) വിക്ഷേപണത്തിന് അനുമതി നൽകിയിരുന്നു.

ദൗത്യത്തിന് മുന്നോടിയായി, ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിലെ (ഐഎസ്ആർഒ) ശാസ്ത്രജ്ഞർ തിരുപ്പതി വെങ്കടാചലപതി ക്ഷേത്രത്തിൽ ചന്ദ്രയാൻ 3 ന്റെ ചെറു രൂപവുമായി പ്രാർഥന നടത്തി.

## സ്വകാര്യ ബഹിരാകാശ കമ്പനികളുടെ സേവനത്തിന് ജിഎസ്ടി ഇല്ല

**കൊച്ചി:** ഉപഗ്രഹ വിക്ഷേപണ രംഗത്തു പ്രവർത്തിക്കുന്ന സ്വകാര്യ സ്റ്റാർട്ടപ് കമ്പനികളുടെ സേവനത്തിന് ജിഎസ്ടി ഒഴിവാക്കിയത് കേരളത്തിലെ കമ്പനികൾക്ക് അനുഗ്രഹമാകും. സ്പേസ് പാർക്കിൽ ഇതിനകം കമ്പനികൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. അഗ്നികുൽ, ഹെക്സ് 20 എന്നിവ ഉദാഹരണം. ഐഎസ്ആർഒയുടെ ഉപഗ്രഹ വിക്ഷേപണ പരിപാടികൾക്കായി വിവിധ ഉപകരണങ്ങൾ നിർമിച്ചു നൽകുന്ന മുന്നൂറിലേറെ സ്വകാര്യ കമ്പനികൾ തിരുവനന്തപുരത്തും മറ്റു സ്ഥലങ്ങളിലുമായിട്ടുണ്ട്. ബഹിരാകാശ രംഗത്തെ സ്വകാര്യ കമ്പനികളുടെ പ്രോൽസാഹനമാണ് ഇളവു കൊണ്ടു





ലക്ഷ്യമിടുന്നതെന്ന് ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കിയിരുന്നു.

പാകംചെയ്യാതെ പാക്കറ്റിൽ കിട്ടുന്ന ലഘുഭക്ഷണങ്ങളുടെ (ഫ്രൈംസ്) നികുതി 18ൽ നിന്ന് 5% ആയി കുറച്ചത് സംസ്ഥാനത്ത് ഇവയുടെ വിൽപനയിൽ കുതിപ്പുണ്ടാക്കും. കുതിരപ്പന്തയം, ഓൺലൈൻ ഗെയിം, കസിനോ എന്നിവ 28% നിരക്കിലേക്ക് ഉയർത്തിയെങ്കിലും സംസ്ഥാന നികുതി വരുമാനത്തിൽ അത് കാര്യമായ വ്യത്യാസം ഉണ്ടാക്കുന്നില്ല. ഓൺലൈൻ ഗെയിം കളിക്കാർ അനേകമുണ്ടെങ്കിലും കുതിരപ്പന്തയവും കസിനോയും ഇല്ല. സിനിമാ തിയറ്ററിൽ വിവിധ വിഭവങ്ങൾക്ക് പലനിരക്കുകൾ എന്ന പ്രശ്നം ഇനി ഒഴിവാകും.

നിർദേശങ്ങൾ വിജ്ഞാപനമായി പുറത്തു വന്നാൽ മാത്രമേ മാറ്റങ്ങൾക്ക് വ്യക്തതയും ആധികാരികതയും വരികയുള്ളു. ഏറ്റവും കൂടുതൽ എസ്‌യുവി വാഹനങ്ങൾ വിൽക്കുന്ന നാടെന്ന നിലയിൽ നികുതിയിൽ 2% വർധനയുണ്ട്. 20 ശതമാനത്തിൽ നിന്ന് 22%. ഇതുവരെ 24,000 കേസുകളിലൂടെ 63000 കോടി ഇൻപുട് നികുതി വെട്ടിപ്പ് നടന്നെന്ന് അടുത്തിടെയാണ് വെളിപ്പെടുത്തിയത്. അതിൽ 8000 കേസുകളിൽ പിഴ ഈടാക്കി. അതിനാൽ ആധാർ നമ്പർ പരിശോധനയ്ക്കു പുറമേ, കമ്പനി യഥാർഥത്തിൽ ഉള്ളതാണോ എന്നറിയാൻ ഇനി നേരിട്ട് പരിശോധന ഏർപ്പെടുത്തുകയാണ്. ഗുജറാത്തിൽ ഇതിന്റെ പൈലറ്റ് പദ്ധതി നടത്തിയിരുന്നു.

## സൗജന്യ മോഡവുമായി ബിഎസ്എൻഎൽ

**തിരുവനന്തപുരം:** ഉപഭോക്താക്കൾക്കായി സൗജന്യ ഫൈബർ മോഡം പദ്ധതി പുറത്തിറക്കി ബിഎസ്എൻഎൽ.




499 രൂപ, 599 രൂപ നിരക്കുകളിൽ ഫൈബർ ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നവർക്ക് സിംഗിൾ ബാൻഡ് വൈഫൈ മോഡവും 699 രൂപയ്ക്കു മുകളിലുള്ള പ്ലാനുകൾക്ക് ഡ്യുവൽ ബാൻഡ് വൈഫൈ മോഡവും ലഭ്യമാണെന്ന് ബിഎസ്എൻഎൽ കേരള സർക്കിൾ പ്രിൻസിപ്പൽ ജനറൽ മാനേജർ അറിയിച്ചു. ബിഎസ്എൻഎൽ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം.





# ഗവിയിലേക്ക് സഞ്ചാരികളുടെ തിരക്ക്

**സീതത്തോട്:** മൺസൂൺ കാലാവസ്ഥ ആസ്വദിക്കാൻ ഗവിയിലേക്ക് സഞ്ചാരികളുടെ തിരക്ക്. മൂടൽ മഞ്ഞിനെ വകഞ്ഞുമാറ്റി കാടുകൾ താണ്ടിയുള്ള ഡ്രൈവിങ്ങിന്റെ ഹരത്തിലാണ് സഞ്ചാരികൾ. ഈ കാലാവസ്ഥയിലെ യാത്ര ആശങ്ക നിറഞ്ഞതാണെങ്കിലും നൂൽമഴയും മൂടൽ മഞ്ഞും കൺകുളിർക്കെ കാണമെങ്കിൽ ഇപ്പോൾ വരണം.

നേരിയ ഇടവേളയ്ക്കു ശേഷം കഴിഞ്ഞ ദിവസം മുതൽ ഗവിയിലേക്ക് വീണ്ടും സഞ്ചാരികളെ പ്രവേശിപ്പിച്ച് തുടങ്ങി. ദിവസവും 30 വാഹനങ്ങൾക്കാണ് പ്രവേശനം. ഓൺലൈനിൽ മുൻകൂറായി ബുക്ക് ചെയ്യണം. റാന്നി ഫോറസ്റ്റ് ഡിവിഷനിലെ ആങ്ങമൂഴി ഗൂഡ്രിക്കൽ റേഞ്ചിൽ നിന്നാണ് പാസ് ലഭിക്കുക. കിളിയെറിഞ്ഞാൻകല്ല് ഫോറസ്റ്റ് ചെക്പോസ്റ്റ് കടന്നാണ് യാത്ര. ഏകദേശം 70 കിലോമീറ്ററോളം വനത്തിലൂടെ സഞ്ചരിച്ച് വള്ളക്കടവ് ഫോറസ്റ്റ് ചെക്പോസ്റ്റ് കടന്ന് വണ്ടിപ്പെരിയാറിൽ എത്താം.

മൺസൂൺ കാലാവസ്ഥയാണ് ഇപ്പോഴുള്ള പ്രധാന ആകർഷണം. മൂഴിയാർ പെൻസ്റ്റോക്ക് കടന്നാൽ മഞ്ഞിൽ മൂടിയ റോഡിലൂടെ തൊട്ടടുത്തുള്ള കാഴ്ചകൾ പോലും മറഞ്ഞുള്ള ഡ്രൈവിങ്ങാണ് ഏറെ ഹരമെന്നു സഞ്ചാരികൾ. റോഡിലെ മിക്ക ഭാഗങ്ങളിലും വെള്ളമാണ്. വെള്ളം ചീറ്റിത്തെറിപ്പിച്ച് പോകുന്ന യാത്ര പലപ്പോഴും ഓഫ് റോഡ് യാത്രയുടെ ഓർമകളിലേക്കാവും എത്തിക്കുക.

മഴക്കാലം തുടങ്ങിയ ശേഷം പുൽമേടുകൾ മഞ്ഞ് മൂടിയ അവസ്ഥയിലാണ്. ആനയും കാട്ടുപോത്തും മ്ലാവുകളുമാണ് പ്രധാന കാഴ്ചകൾ. റോഡിനോടു ചേർന്ന് വെള്ളച്ചാട്ടങ്ങൾ ഒട്ടേറെയാണ്. മഴക്കാലത്ത് മണ്ണിടിച്ചിലിനും മരങ്ങൾ ഒടിഞ്ഞ് വീഴുന്നതിനു സാധ്യതകൾ ഏറെയാണ്. ഈ കാരണത്താൽ ഏറെ കരുതലോടെ വേണം യാത്രയെന്ന് വനം വകുപ്പ് അധികൃതർ പറയുന്നു. യാത്രയിൽ ഒറ്റപ്പെട്ട സ്ഥലത്ത് മാത്രമാണ് മൊബൈൽ ഫോണിനു റേഞ്ച്.

## നെല്ല് സംഭരണം: ബാങ്കിംഗ് കൺസോർഷ്യവുമായി 400 കോടി ലഭ്യമാക്കാൻ ധാരണയായി

**തിരുവനന്തപുരം:** 2022,23 സീസണിൽ കർഷകരിൽ നിന്ന് ശേഖരിച്ച നെല്ലിന്റെ വില മുഴുവനും കൊടുത്തു തീർക്കുന്നതിന് ആവശ്യമായ 400 കോടി രൂപ കൂടി വായ്പയായി അനുവദിയ്ക്കാൻ ബാങ്കിംഗ് കൺസോർഷ്യവുമായി ധാരണയായതായി ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. 2023 മാർച്ച് 28 വരെ സംഭരിച്ച നെല്ലിന്റെ തുക പൂർണ്ണമായും നൽകിയിരുന്നു. മെയ് 15 വരെ പി.ആർ.എസ് നല്കിയ നെല്ലിന്റെ വില കർഷകർക്ക് നിലവിൽ വിതരണം ചെയ്തുവരികയാണ്. മെയ് 15 ന് ശേഷം ശേഖരിച്ച നെല്ലിന്റെ തുക കർഷകർക്ക് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഇതിനാവശ്യമായ 400 കോടി രൂപ കൂടി അനുവദിക്കുന്നതിന് എസ്.ബി.ഐ, കനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുൾപ്പെടുന്ന ബാങ്കിംഗ് കൺസോർഷ്യവുമായി നടത്തിയ ചർച്ചകളിൽ അനുകൂല തീരുമാനമാവുകയായിരുന്നു. ഇത് സംബന്ധിച്ച് ബാങ്കിംഗ് കൺസോർഷ്യവുമായി 14ന് ധാരണാപത്രം ഒപ്പുവയ്ക്കുമെന്ന് മന്ത്രി അറിയിച്ചു.

202223 സീസണിൽ 2,49,224 കർഷകരിൽ നിന്നും 7.30 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി 2060 കോടി രൂപയാണ് കർഷകർക്ക് നൽകേണ്ടത്. ഇതിൽ ഈ മാർച്ച് 31 വരെ പേ ഓർഡർ നല്കിയ കർഷകർക്ക് 740.38 കോടി രൂപ നേരിട്ടും 194.19 കോടി രൂപ കേരളാ ബാങ്ക് വഴി പി.ആർ.എസ് വായ്പയായും നല്കി.

മാർച്ച് 29 മുതൽ മെയ് 15 വരെ പേ ഓർഡർ നല്കിയ 55,716 കർഷകർക്ക് ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് എടുത്തിട്ടുള്ള 700 കോടി രൂപ വായ്പയിൽ നിന്ന് 588.26 കോടി രൂപ വിതരണം ചെയ്തു. ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായി ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നെടുത്ത 700 കോടി രൂപ ഉൾപ്പെടെ വിതരണം ചെയ്തു കഴിയുമ്പോൾ 1634.57 കോടി രൂപ കർഷകർക്ക് ലഭിക്കും. ധാരാണാപത്രം ഒപ്പുവച്ച ശേഷം തുക കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വെള്ളിയാഴ്ച തന്നെ ആരംഭിക്കും. ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ സപ്ലൈകോ സി.എം.ഡി.യ്ക്ക് നിർദ്ദേശം നല്കിയതായി മന്ത്രി അറിയിച്ചു.

## കേരള പി എസ് സി ഇതര സംസ്ഥാനങ്ങൾക്ക് മാതൃക: മന്ത്രി കെ എൻ ബാലഗോപാൽ

**തിരുവനന്തപുരം:** പരാതിരഹിതവും സുതാര്യവുമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കേരള പി എസ് സി ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ കൊല്ലം മേഖല, ജില്ലാ ഓഫീസുകളും ഓൺലൈൻ പരീക്ഷ കേന്ദ്രവും ഉൾപ്പെടുന്ന ബഹുനില കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ജില്ലയിലെയും സമീപ ജില്ലകളിൽ നിന്നും പരീക്ഷ ആവശ്യത്തിനായി എത്തുന്നവർക്ക് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെ സജ്ജീകരിക്കുന്ന പുതിയ കെട്ടിടം ഏറെ സഹായകമാകും. കഴിഞ്ഞ ഏഴു വർഷത്തിൽ 2,20,000 ത്തിലധികം പേരെയാണ് സംസ്ഥാനത്ത് നിയമിച്ചത്. സമയബന്ധിതമായി ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നു. പൂർണമായും സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുന്ന കേരള പി എസ് സി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള എല്ലാവിധ സഹായ സഹകരണങ്ങൾ തുടർന്നും നൽകുമെന്നും മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി മുഖ്യാതിഥിയായി. ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ കാലതാമസം നേരിടാതെ റിപ്പോർട്ട് ചെയ്യുന്നതിലും നിയമന നടപടികൾ സുതാര്യമായ രീതിയിൽ പൂർത്തിയാക്കുന്നതിൽ കേരള പി എസ് സി ഏറെ മുന്നിലാണെന്നും മന്ത്രി പറഞ്ഞു. കന്റോൺമെന്റ് സൗത്തിലെ നാടാർ സംഘം ഹാളിൽ നടന്ന പരിപാടിയിൽ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ എം ആർ ബൈജു അധ്യക്ഷനായി.

മുണ്ടയ്ക്കൽ വില്ലേജിൽ സർക്കാർ ടി ടി ഐക്ക് സമീപം 36 സെന്റ് സ്ഥലത്താണ് കെട്ടിടം നിർമിക്കുക. ജില്ലാ മേഖലാ ഓഫിസുകൾക്ക് പുറമെ 600ലധികം പേർക്ക് ഒരേസമയം പരീക്ഷ എഴുതാൻ കഴിയുംവിധം ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രവും പുതിയ ആറുനില കെട്ടിടത്തിൽ സജ്ജീകരിക്കും. 41140 ചതുരശ്ര അടി വിസ്തൃതിയിലാണ് ആധുനിക സംവിധാനങ്ങളോടെ കെട്ടിടം പണിയുന്നത്. 12.35 കോടി രൂപയുടെ കരാർ നിർമാണ പ്രവൃത്തികൾക്കായി നൽകി.

മേയർ പ്രസന്ന ഏണസ്റ്റ്, എം മുകേഷ്, എം നൗഷാദ്, പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി സാജു ജോർജ്, കെ പി സജിലാൽ, എസ് ശ്രീകുമാർ, വി ആർ രമ്യ, മേഖലാ ഓഫീസർ ആർ ബാബുരാജ്, സൂപ്രണ്ടിങ് എൻജിനീയർ ലൈജു, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നെല്ലിയാമ്പതി വാച്ച് ടവർ നവീകരിക്കും



**നെല്ലിയാമ്പതി:** വനമേഖലയിലെ നിരീക്ഷണം കാര്യക്ഷമമാക്കാൻ കേശവൻപാറയോടു ചേർന്നു ചക്ലിയൻപാറയിൽ സ്ഥാപിച്ച വാച്ച് ടവർ നവീകരിക്കാൻ നടപടി തുടങ്ങി. കേശവൻപാറയിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് ഇത് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് നവീകരണം. നെല്ലിയാമ്പതിയിൽ ഇക്കോ ടൂറിസം പദ്ധതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണു ടവർ നവീകരിക്കുന്നതെന്നു ഫോറസ്റ്റ് റേഞ്ച് ഓഫിസർ അജയ്ഘോഷ് പറഞ്ഞു. വനമേഖലയിൽ വന്യമൃഗ വേട്ടയും അനധികൃത മരംമുറിയും മാവോയിസ്റ്റ് പോലുള്ള തീവ്രവാദ സംഘടനകളുടെ സാന്നിധ്യവും നിരീക്ഷിക്കാൻ 7 വർഷം മുൻപ് സ്ഥാപിച്ച ഇരുമ്പ് ടവർ തുരുമ്പെടുത്തു നശിച്ചു പോയിരുന്നു. വനപാലകർക്കു താമസിക്കാൻ പറ്റിയ വിധത്തിൽ സമുദ്ര നിരപ്പിൽ നിന്നും 1500 മീറ്റർ ഉയരത്തിലാണു 200 ചതുരശ്ര അടി വിസ്തീർണമുള്ള ടവർ സ്ഥാപിച്ചിരുന്നത്. വന്യമൃഗങ്ങളുടെ, പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യം ഒഴിവാക്കാൻ ടവറിനു മുകളിലെത്താൻ ഇരുമ്പു കോണിയാണ് ഉപയോഗിച്ചുവന്നത്.

ടവറിൽ നിന്നാൽ നെല്ലിയാമ്പതിയുടെ മിക്ക പ്രദേശവും ജില്ലയുടെ ഒരു ഭാഗവും പറമ്പിക്കുളത്തോടു ചേർന്ന ഭാഗവും കാണാനാകും. കേശവൻപാറ കാണാനെത്തുന്ന നെല്ലിയാമ്പതി സഞ്ചാരികളിൽ നിന്നു പ്രവേശന ഫീസ് ഈടാക്കുന്ന വനംവകുപ്പ് വിനോദസഞ്ചാരികൾക്ക് വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കിയില്ലെന്നും ടവറിലേക്കു പ്രവേശനം അനുവദിക്കുന്നില്ലെന്നും പരാതി ഉയർന്നിരുന്നു. മതിയായ ഫണ്ടില്ലെന്നു പറഞ്ഞു നോക്കുകുത്തിയായി കിടന്ന ടവർ പ്രവർത്തനക്ഷമമാകുന്നതോടെ വ്യൂപോയിന്റ് കൂടുതൽ ആകർഷണീയമാകും.

## ചാലക്കമ്പോളം നവീകരണം വേഗത്തിലാക്കും: മന്ത്രി

**തിരുവനന്തപുരം:** നഗരത്തിലെ പ്രമുഖ വാണിജ്യ കേന്ദ്രമായ ചാലക്കമ്പോളത്തിന്റെയും പരിസര പ്രദേശങ്ങളുടെയും ആധുനിക രീതിയിലുള്ള നവീകരണത്തിന് ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം അംഗീകാരം നൽകി. വാഹനങ്ങൾക്ക് വിവിധ സ്ഥലങ്ങളിൽ ആവശ്യമായ പാർക്കിംഗ് സൗകര്യവും, സാധ്യമായ ഇടങ്ങളിൽ മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനവും സജ്ജമാക്കും. പുത്തരിക്കണ്ടം മൈതാനത്തിന് പുറകിലും തമ്പാനൂർ റെയിൽവേ സ്റ്റേഷന്റെ സൗത്ത് ഗേറ്റിന്റെ എതിർവശത്ത് പവർഹൗസ് റോഡിലും വാണിജ്യ സമുച്ചയവും പാർക്കിംഗ് സൗകര്യവും ഒരുക്കും. ചാലക്കമ്പോളത്തിലെ പ്രധാനപാത കാൽനട യാത്രക്കാർക്ക് മാത്രമായിരിക്കും. ചാലക്കമ്പോളത്തിന്റെ എട്ട് പ്രധാന പ്രവേശന റോഡുകളിൽ ഏകീകൃത രീതിയിലുള്ള സ്ഥിരം കമാനങ്ങൾ നിർമ്മിക്കും. കിഴക്കേകോട്ടയിലും കിള്ളിപ്പാലത്തും പ്രധാന കവാടങ്ങളും, പവർഹൗസ് റോഡിലും കിള്ളിപ്പാലം അട്ടക്കുളങ്ങര റോഡിലും ചെറിയ കവാടങ്ങളും ഒരേ മാതൃകയിൽ നിർമ്മിക്കും. കിഴക്കേക്കോട്ട മുതൽ കിള്ളിപ്പാലം വരെ ചാലക്കമ്പോളത്തിലെ വിവിധ ഭാഗങ്ങളിൽ ദിശാബോർഡുകളും അലങ്കാരവിളക്കുകളും സ്ഥാപിക്കും.




# പദ്മിനി ഇന്ന് എത്തും

തിങ്കളാഴ്ച നിശ്ചയം എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സെന്ന ഹെഗ്ഡെ, കുഞ്ചാക്കോ ബോബനെ നായകനാക്കി സംവിധാനം ചെയ്യുന്ന പദ്മിനി ജൂലായ് പതിനാലിന് സെൻട്രൽ പിക്ചേഴ്സ് റിലീസ് പ്രദർശനത്തിനെത്തിക്കുന്നു.അപർണ്ണ ബാലമുരളി,മഡോണ സെബാസ്റ്റ്യൻ, വിൻസി അലോഷ്യസ് എന്നിവരാണ് നായികമാർ.ഗണപതി, അൽത്താഫ് സലിം,സജിൻ ചെറുകയിൽ,ആനന്ദ് മന്മഥൻ,ഗോകുലൻ, ജെയിംസ് ഏലിയ മാളവിക മേനോൻ,സീമ ജി നായർ,എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ. കുഞ്ഞിരാമായണം, എബി, കൽക്കി, കുഞ്ഞെൽദോ എന്നീ ചിത്രങ്ങൾക്കു ശേഷം ലിറ്റിൽ ബിഗ് ഫിലിംസിന്റെ ബാനറിൽ സുവിൻ കെ. വർക്കി, പ്രശോഭ് കൃഷ്ണ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ശ്രീരാജ് രവീന്ദ്രൻ നിർവഹിക്കുന്നു. കുഞ്ഞിരാമായണത്തിനു ശേഷം ദീപു പ്രദീപ് തിരക്കഥ സംഭാഷണമെഴുതുന്ന ചിത്രമാണ് പദ്മിനി.

സംഗീതം ജേക്സ് ബിജോയ്,എഡിറ്റർ മനു ആന്റണി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ വിനീത് പുല്ലുടൻ, പ്രൊഡക്ഷൻ കൺട്രോളർ മനോജ് പൂങ്കുന്നം, കലആർഷാദ് നക്കോത്, മേക്കപ്പ് രഞ്ജിത്ത് മണലിപ്പറമ്പ്, വസ്ത്രാലങ്കാരം ഗായത്രി കിഷോർ സ്റ്റിൽസ് ഷിജിൻ പി രാജ്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർവിഷ്ണു ദേവ്ശങ്കർ ലോഹിതാക്ഷൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഉണ്ണി പൂങ്കുന്നം, ഷിന്റോ ഇരിഞ്ഞാലക്കുട,പി ആർ ഒഎ എസ് ദിനേശ്.

# ടൂ മെൻ ആർമി ടൈറ്റിൽ പോസ്റ്റർ




എസ്.കെ. കമ്മ്യൂണിക്കേഷന്റെ ബാനറിൽ കാസിം കണ്ടോത്ത് നിർമ്മിച്ച്,നിസ്സാർ സംവിധാനം ചെയ്യുന്ന ടൂ മെൻ ആർമി എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ,ചലച്ചിത്ര രംഗത്തെ പ്രമുഖരായ സുരേഷ് ഗോപി, ഇന്ദ്രൻസ്,സൈജു കുറുപ്പ്, അനൂപ് മേനോൻ,ബേസിൽ ജോസഫ്,കലാഭവൻ ഷാജോൺ,ജോണി ആന്റണി,ലിസ്റ്റിൻ സ്റ്റീഫൻ തുടങ്ങിയ വരുടെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.

ഇന്ദ്രൻസ്, ഷാഹിൻ സിദ്ദിഖ് എന്നിവരാണ് കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.പേര് സൂചിപ്പിക്കും പോലെ രണ്ട് കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു സിനിമയാണ് ടൂ മെൻ ആർമി.ആവശ്യത്തിലധികം പണം കെട്ടിപ്പൂട്ടി വച്ച് ഒറ്റയ്ക്ക് ജീവിക്കുന്ന ഒരാൾ.ആ പണത്തിൽ കണ്ണുവച്ചെത്തുന്ന മറ്റൊരാൾ ...ഈ രണ്ട് കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങളാണ്നിസാർ സംവിധാനം ചെയ്യുന്ന ടൂ മെൻ ആർമിയുടെ ഇതിവൃത്തം.

സ്വന്തമായി അധ്വാനിച്ച് കൂട്ടിയതും,വിദേശത്ത് നിന്ന് മക്കൾ അയക്കുന്നതുമായ വലിയൊരളവ് പണം ആർക്കും കൊടുക്കാതെ സൂക്ഷിച്ച് വച്ച്,നിധി കാക്കുന്ന ഭൂതത്തെപ്പോലെ അതിന് കാവലിരുന്ന് തീർത്തും ഒറ്റപ്പെട്ടു പോയ വൃദ്ധന്റെ ജീവിതത്തിലേക്ക്എങ്ങനെയും എളുപ്പവഴിയിൽ പണമുണ്ടാക്കാനുള്ള ലക്ഷ്യവുമായെത്തുന്ന ചെറുപ്പക്കാരൻ കടന്നു വരുന്നതോടെ അത്യധികം ഉദ്വേഗജനകമായ മുഹൂർത്തങ്ങളിലൂടെ ദൃശ്യവൽക്കരിക്കുന്ന ചിത്രമാണ് ടൂ മെൻ ആർമി.രചനപ്രസാദ് ഭാസ്കരൻ,ഛായാഗ്രഹണം ദയാനന്ദ് , പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഷിയാസ് മണോലിൽ,സംഗീതംഅജയ് ജോസഫ്,ഗാനരചനആന്റണി പോൾ,കലാസംവിധാനം വത്സൻ,എഡിറ്റിംഗ് ജയചന്ദ്രകൃഷ്ണ, മേക്കപ്പ്റഹിംകൊടുങ്ങല്ലൂർ, വസ്ത്രാലങ്കാരം സുകേഷ് താനൂർ, അസ്സോസിയേറ്റ് ഡയറക്ടർറസൽ നിയാസ്,സ്റ്റിൽസ് അനിൽ പേരാമ്പ്ര,പി ആർ ഒഎ എസ് ദിനേശ്.


# മഹാരാജ ; വിജയ് സേതുപതിയുടെ അൻപതാമത്തെ ചിത്രം

സിനിമാപ്രേക്ഷകർ ഏറെ ആകാംഷയോടെ കാത്തിരുന്ന മക്കൾ സെൽവൻ വിജയ് സേതുപതിയുടെ അൻപതാമത്തെ ചിത്രത്തിന്റെ ടൈറ്റിൽ ലുക്ക് റിലീസ് ചെയ്തു.

പാഷൻ സ്റ്റുഡിയോസും ദി റൂട്ടും നിർമ്മാണത്തിൽ കൈകോർക്കുന്ന ചിത്രത്തിന് മഹാരാജ എന്നാണ് ടൈറ്റിൽ നൽകിയിരിക്കുന്നത്. അനുരാഗ് കശ്യപ്, മംമ്ത മോഹൻദാസ്, നാട്ടി നടരാജ് എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

നിഥിലൻ സാമിനാഥൻ സംവിധാനം ചെയ്യുന്ന ബിഗ് ബഡ്ജറ്റ് ചിത്രം ക്രൈം, ത്രില്ലർ എന്നീ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഔട്ട് ആൻഡ് ഔട്ട് ആക്ഷൻ ഡ്രാമയാണ്.പാഷൻ സ്റ്റുഡിയോസിന്റെ ബാനറിൽ സുധൻ സുന്ദരവും ദി റൂട്ടിന്റെ ബാനറിൽ ജഗദീഷ് പളനിസ്വാമിയും ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം.കാന്താര ഉൾപ്പെടെ ബ്ലോക്ക്ബസ്റ്റർ കന്നഡ ചിത്രങ്ങളുടെ സംഗീത സംവിധായകൻ ബി.അജനീഷ് ലോക്നാഥ് ആണ് ചിത്രത്തിന്റെ സംഗീത സംവിധാനം.നിഥിലന്റെ കുരങ്ങു ബൊമ്മൈ എന്ന ചിത്രത്തിനും സംഗീതം നൽകിയത് അജനീഷ് ആയിരുന്നു .

മാനഗരം, കൈതി, മാസ്റ്റർ, വിക്രം, ലിയോ എന്നീ ഹിറ്റ് ചിത്രങ്ങളുടെ എഡിറ്റർ ഫിലോമിൻ രാജ് ആണ് എഡിറ്റിംഗ് നിർവഹിക്കുന്നത്. ലവ് ടുഡേ, വിലങ്ങ് വെബ് സീരീസ് തുടങ്ങിയ വർക്കുകളിലൂടെ ശ്രദ്ധേയനായ ദിനേശ് പുരുഷോത്തമനാണ് ഛായാഗ്രഹണം നിർവ്വഹിക്കുന്നത്. അയ്യർക്കൈ, പേരൈ, മദ്രാസപട്ടണം തുടങ്ങി നിരവധി സിനിമകളുടെ മാന്ത്രിക സെറ്റ് വർക്കുകൾക്ക് പിന്നിൽ പ്രവർത്തിച്ച ശെൽവകുറാണ് പ്രൊജക്റ്റ് ഡിസൈനർ. പി ആർ ഓ പ്രതീഷ് ശേഖർ.




# കുറുക്കൻ ട്രെയിലർ റിലീസായി




വിനീത് ശ്രീനിവാസൻ, ശ്രീനിവാസൻ, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ജയലാൽ ദിവാകരൻ സംവിധാനം ചെയ്യുന്ന കുറുക്കൻ എന്ന ചിത്രത്തിന്റെ ട്രെയിലർ റിലീസായി.ജൂലായ് ഇരുപത്തിയേഴിന് കുറുക്കൻ പ്രദർശനത്തിനെത്തുന്നു.വർണ്ണചിത്രയുടെ ബാനറിൽ മഹാസുബൈർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സുധീർ കരമന, ശ്രീകാന്ത് മുരളി, ദിലീപ് മേനോൻ,ജോജി ജോൺ, അശ്വത് ലാൽ,ബാലാജി ശർമ്മ, കൃഷ്ണൻ ബാലകൃഷ്ണൻ, നന്ദൻ ഉണ്ണി, അസീസ് നെടുമങ്ങാട്,മാളവികാ മേനോൻ, ഗൗരി നന്ദ, ശ്രുതി ജയൻ, അഞ്ജലി സത്യനാഥ്, അൻസിബാ ഹസ്സൻ, തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ജിബു ജേക്കബ് ഛായാഗ്രഹണം നിർവഹിക്കുന്നു.മനോജ് റാംസിംഗ് തിരക്കഥ സംഭാഷണമെഴുതുന്നു. മനു മഞ്ജിത്തിന്റെ വരികൾക്ക് ഉണ്ണി ഇളയരാജാ സംഗീതം പകരുന്നു.എഡിറ്റിംഗ് രഞ്ജൻ ഏബ്രഹാം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസൈനുദ്ദീൻ,പ്രൊഡക്ഷൻ ഡിസൈനർജോസഫ് നെല്ലിക്കൽ,കോസ്റ്റ്യൂം സുജിത് മട്ടന്നൂർ, മേക്കപ്പ്ഷാജി പുൽപ്പള്ളി, അസ്സോസ്സിയേറ്റ് ഡയറക്ടർ അനീവ് സുകുമാരൻ,പ്രൊഡക്ഷൻ കൺട്രോളർ ഷെമീജ് കൊയിലാണ്ടി,സ്റ്റിൽസ് പ്രേംലാൽ പട്ടാഴി,പരസ്യക്കലകോളിൻസ് ലിയോഫിൽ,വിതരണംവർണ്ണച്ചിത്ര ബിഗ് സ്ക്രീൻ,പി ആർ ഒഎ എസ് ദിനേശ്.

## ഖാദി ഡിസ്കൗണ്ട് മേള

**കോഴിക്കോട്:** 2023 ജൂലൈ 17 മുതൽ 22 വരെ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ ചെറൂട്ടി റോഡിലുള്ള ഖാദി ഗ്രാമ സൗഭാഗ്യയിൽ ഖാദി റിഡക്ഷൻ മേള ആരംഭിക്കുന്നു. ഖാദി തുണിത്തരങ്ങൾക്ക് 20 ശതമാനം മുതൽ 50 ശതമാനം വരെ ഡിസ്കൗണ്ട് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0495 2366156

## ഇ ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കോഴിക്കോട് ജില്ലാ കൈത്തറി വികസന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് ആറ് മുതൽ 28 വരെ കോർപ്പറേഷൻ ഇ എം എസ് സ്റ്റേഡിയം കോമ്പൗണ്ടിൽ നടത്തുന്ന ഓണം കൈത്തറി മേളയുടെ പവലിയൻ നിർമ്മാണ പ്രവൃത്തികൾക്ക് ഇടെണ്ടർ ക്ഷണിച്ചു.

നിരത ദ്രവ്യം10000/രൂപ. ടെണ്ടർ ഫീസ് +18 ശതമാനം ജി എസ് ടി. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി : ജൂലൈ 27. കൂടുതൽ വിവരങ്ങൾക്ക് : diccalicut@gmail.com 04952765770 / 2766563

## സീറ്റ് ഒഴിവ്

**കോഴിക്കോട്:** ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവ.ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

താത്പര്യമുള്ള പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ട് ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 04952372131, 9745531608.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്ന മലമ്പുഴ ഗിരിവികാസിൽ പാചകക്കാരിയുടെ ഒഴിവുണ്ട്. പ്രായപരിധി 50 വയസ്. മുൻ പരിചയമുള്ളവർക്ക് മുൻഗണന. താമസിച്ചു ജോലി ചെയ്യാൻ താത്പര്യമുള്ളവർ അപേക്ഷകൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം, യു എം എസ് എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം ജൂലൈ 18 നു മുൻപ് nykpalakkad2020@gmail.com എന്ന ഇമെയിലിലേക്ക് അയക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് : 6282296002

## ലേലം ചെയ്യുന്നു

**കോഴിക്കോട്:** മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി വെസ്റ്റ്ഹിൽ ചുങ്കത്തുള്ള ഫിഷറീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പുതിയങ്ങാടി വില്ലേജിൽ ഉൾപ്പെട്ട 87 സെന്റ് ഭൂമിയിൽ 14 ഓളം മരങ്ങൾ ( മഹാഗണി1, പ്ലാവ് 2, പനം6, മഴമരം1, ശീമക്കൊന്ന1, തെങ്ങ്3 , മാവിന്റെ 2 ശാഖകൾ) ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ജൂലൈ 19 ന് രാവിലെ 11 മണിക്ക് ലേലം നടക്കും.

പങ്കെടുക്കുന്നവർ രാവിലെ 11 മണിക്ക് മുമ്പ് 1500 രൂപ നിരതദ്രവ്യം കെട്ടിവെക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0495 238005.

## ഇ ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** ആരോഗ്യ കേരളം മുഖാന്തിരം കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് എൻ ജി എസ് എക്വിപ്മെന്റ് ഫോർ ഹോൾ ജീനോം സീക്യുവെൻസിങ് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള നിർമ്മാതാവ് /വിതരണക്കാർ എന്നിവരിൽ നിന്നും ഇ ടെണ്ടർ ക്ഷണിച്ചു. ജൂലൈ 26നു വൈകുന്നേരം അഞ്ച് മണി വരെ ടെണ്ടറുകൾ സ്വീകരിക്കുന്നതാണ് . കൂടുതൽ വിവരങ്ങൾക്ക് : 0495 2374990 www. etenders.kerala.gov.in



# പച്ചക്കറികൾക്കും നിത്യോപയോഗ സാധനങ്ങൾക്കും വില കുതിച്ചുകയറി

**കൽപറ്റ:** ഭക്ഷ്യവസ്തുക്കൾക്കെല്ലാം വില കുതിച്ചു കയറിയതോടെ അടുക്കള പുകയണമെങ്കിൽ കീശ കാലിയേക്കേണ്ട അവസ്ഥയിൽ പൊതുജനം. പച്ചക്കറി, കോഴിയിറച്ചി, ബീഫ്, മീൻ തുടങ്ങിയ എല്ലാ അവശ്യസാധനങ്ങൾക്കും വില കുതിച്ചു കയറുകയാണ്. വരുമാനവും ദൈനംദിന ചെലവും തമ്മിൽ കൂട്ടി മുട്ടിക്കാൻ സാധാരണക്കാർ പാടുപെടുന്നു. 20 മുതൽ 50 രൂപയുടെ വരെ ഇടയിൽ നിന്നിരുന്ന പച്ചക്കറികളിൽ പലതിന്റെയും വില സെഞ്ചുറിയും കടന്നു കുതിക്കുകയാണ്.

തക്കാളിയും ചെറിയ ഉള്ളിയുമാണ് ആഴ്ചകളായി 100നു മുകളിലെത്തി നിൽക്കുന്നത്. ഒരു കിലോ തക്കാളിയുടെ വില പലയിടത്തും 120 വരെയെത്തി. ചെറിയ ഉള്ളിയുടെ വിലയും 100നു മുകളിലാണ്. വെണ്ട, വഴുതനങ്ങ, കാരറ്റ്, ബീൻസ്, പച്ചമുളക് എന്നിവയ്ക്കും മുൻപുണ്ടായിരുന്നതിനെക്കാൾ ഇരട്ടി വിലയായി. പച്ചമുളകിന് 65 മുതൽ 80 വരെ നൽകണം. 60 മുതൽ 80 രൂപ വരെയാണ് കാരറ്റ് വില.

2 മാസം മുൻപുവരെ 200 രൂപയ്ക്കു വീടുകളിലേക്ക് ദിവസങ്ങളോളം ഉപയോഗിക്കാനുള്ള പച്ചക്കറികൾ ലഭിച്ചിരുന്നെങ്കിൽ ഇപ്പോൾ ഒരു ദിവസത്തേക്കു പോലുമുള്ളതു കിട്ടുന്നില്ലെന്ന് ഉപഭോക്താക്കൾ പറയുന്നു.

കോഴി ഇറച്ചിക്ക് 220 മുതൽ 240 വരെ വിലയെത്തിയിരുന്നതു കഴിഞ്ഞ ദിവസങ്ങളിൽ അൽപം കുറഞ്ഞെങ്കിലും വീണ്ടും കൂടുന്നതിന്റെ ലക്ഷണമാണു വിപണിയിൽ. 170 മുതൽ 210 വരെയാണ് ഒരു കിലോ കോഴിയിറച്ചിയുടെ വില. ബീഫിനും വില മുൻപത്തെക്കാളും വർധിച്ചു. 280 മുതൽ 320 രൂപ വിലയുണ്ടായിരുന്ന ഒരു കിലോ ബീഫിന് ഇപ്പോൾ 340 മുതൽ 380 രൂപ വരെയാണു കച്ചവടം നടക്കുന്നത്.

പച്ചക്കറികൾക്കൊപ്പം മീനിനും വില കയറി. ആളുകൾ കൂടുതലായി വാങ്ങിയിരുന്ന അയല, മത്തി തുടങ്ങിയവയ്ക്കു 200 രൂപ വരെയെത്തിയിരുന്നു. ഇപ്പോഴും 130 മുതലാണു മത്തിയുടെ വിപണിയിലെ വില. കഴിഞ്ഞ ദിവസങ്ങളിൽ 140 രൂപക്ക് മുകളിലായിരുന്നു അയലയുടെ വിൽപന.

കോഴിയിറച്ചിക്കും ബീഫിനും വില കൂടിയതോടെ ചില ഹോട്ടലുകൾ ഇവ ഉപയോഗിച്ച് ഉണ്ടാക്കുന്ന വിഭവങ്ങൾക്കും വില വർധിപ്പിച്ചിട്ടുണ്ട്. മീൻ വിഭവങ്ങൾക്കും സമാനമായ രീതിയിൽ വില വർധയുണ്ട്. കോഴിയിറച്ചി, ബീഫ് എന്നിവയ്ക്ക് വില കുറയുമ്പോൾ ഭക്ഷണ വിഭവങ്ങളുടെ കൂട്ടിയ വില കുറയ്ക്കുന്ന പതിവില്ലെന്ന ആക്ഷേപവുമുയരുന്നുണ്ട്. വിലക്കയറ്റത്തിനനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ നിരക്ക് കൂട്ടുന്നതിനാൽ, വില കുറയുമ്പോൾ നിരക്കും കുറയ്ക്കണമെന്ന ആവശ്യം ശക്തമാണ്.

# പൈതൃക ടൂറിസം പദ്ധതിയിലെ കടൽപ്പാല നിർമാണം തുടങ്ങും

**ആലപ്പുഴ:** ജില്ലയിലെ ഹെറിറ്റേജ് സർക്യൂട്ട് ടൂറിസത്തിന് പുത്തനുണർവ് നൽകുന്നതിനും സാധ്യതകൾ പരിശോധിക്കുന്നതിനുമായി പ്രധാനപ്പെട്ട ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ കളക്ടർ ഹരിത വി കുമാർ വ്യാഴാഴ്ച സന്ദർശിച്ചു.



സന്ദർശനത്തിനുശേഷം ഉദ്യോഗസ്ഥരുമായി നടത്തിയ അവലോകന യോഗത്തിൽ ജില്ലയിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ബീച്ചിൽ സ്ഥാപിച്ചിട്ടുള്ള കപ്പൽ ജനങ്ങൾക്ക് കയറി കാണുന്ന തരത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ജില്ലകളക്ടർ പറഞ്ഞു. കപ്പലിൽ അലങ്കാര വിളക്കുകൾ സ്ഥാപിച്ച് ഒരേസമയം 15 പേർക്ക് വരെ കയറാനുള്ള സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും യോഗത്തിൽ ധാരണയായി.

20 കോടി രൂപ ചെലവിൽ 18 മാസം കൊണ്ട് പഴയ കടൽ പാലത്തിന് ബദലായി 300 മീറ്റർ കടലിലേക്കും 50 മീറ്റർ കരയിലേക്കും അഞ്ചര മീറ്റർ വീതിയുമുള്ള പുതിയ കടൽ പാലം നിർമ്മിക്കുന്ന പദ്ധതി, പുതിയ കെ.എസ്.ആർ.ടി.സി ടെർമിനലിന്റെ നിർമ്മാണം എന്നിവ യോഗത്തിൽ ചർച്ച ചെയ്തു.

ഇൻകെൽ ജനറൽ മാനേജർ വിജയകുമർ, കെ.ഐ.ഐ.ഡി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ഹരൺ ബാബു, ഡി.ടി.പി.സി സെക്രട്ടറി അനൂപ് കുമാർ, മുസരിസ് കോ ഓർഡിനെറ്റർ എസ്. സുബിൻ, ഡി.ടി.പി.സി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.സി പ്രദീപ് തുടങ്ങിയവരും സംഘത്തിലുണ്ടായി

## ഇടുക്കി എഞ്ചിനീയറിംഗ് കോളേജിന് ദേശീയ അംഗീകാരം

**ഇടുക്കി:** രാജ്യന്തര നിലവാരമുള്ള വിദ്യാഭ്യാസമാണ് സർക്കാർ ലക്ഷ്യമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ.

നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (എൻ.ബി.എ) അംഗീകാരം ലഭിച്ച ഇടുക്കി എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിച്ച അനുമോദന യോഗവും സർട്ടിഫിക്കറ്റ് വിതരണവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറിതലം വരെ തുടർച്ചയായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുകയാണ് സർക്കാർ ലക്ഷ്യം. നിലവിലെ തൊഴിൽ സാരംഭങ്ങൾക്ക് പ്രാപ്യമായ ഉന്നതവിദ്യാഭ്യാസനയമാണ് സർക്കാർ നടപ്പാക്കുന്നത്. നിരവധി പ്രതിസന്ധികൾ മറികടന്നാണ് എഞ്ചിനിയറിംഗ് കോളേജ് ഇന്നത്തെ നിലയിൽ എത്തിയത്. തുടർന്നും കോളേജിന്റെ വികസനത്തിന് ആവശ്യമായതെല്ലാം സർക്കാർ ചെയ്യുമെന്നും മന്ത്രി ഉറപ്പ് നൽകി.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് മികവ് പുലർത്തുന്ന ഇടുക്കി എഞ്ചിനീയറിംഗ് കോളേജിന് ജൂണിലാണ് ദേശീയ അംഗീകാരമായ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭിച്ചത്. മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ ബിടെക് എഞ്ചിനീയറിംഗ് പ്രോഗ്രാമുകൾക്കാണ് അംഗീകാരം ലഭിച്ചത്.

യോഗത്തിൽ എൻ.ബി.എ അംഗീകാര സർട്ടിഫിക്കറ്റ് വിതരണവും അധ്യാപകർക്കും വിദ്യാർഥികൾക്കുള്ള മൊമെന്റോ വിതരണവും മന്ത്രി നിർവഹിച്ചു. കോളേജ് ഓപ്പൺ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ അധ്യക്ഷത വഹിച്ചു.

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് പോൾ, ജില്ലാ പഞ്ചായത്തംഗം കെ.ജി. സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗം ഡിറ്റാജ് ജോസഫ്, കോട്ടയം ആർ.ഐ.ടി. പ്രിൻസിപ്പൽ പ്രിൻസ് എ, ഇടുക്കി ഗവ.എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ.കെ. സുരേഷ്, പിടിഎ വൈസ് പ്രസിഡന്റ് ജോ ജോർജ് എന്നിവർ സംസാരിച്ചു.

## വിലക്കയറ്റം: പരിശോധന ശക്തമാക്കും കലക്ടർ

**കൊല്ലം:** പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പൊതുവിപണിയിൽ പരിശോധന വ്യാപകമാക്കുമെന്നും വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ജില്ലാ താലൂക്ക് തല സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നും ജില്ലാ കലക്ടർ അറിയിച്ചു. അമിതവില, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത വ്യാപാരം എന്നിവ ശ്രദ്ധയിൽപ്പെട്ട് പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കും.

നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാതിരിക്കുക, ഉപഭോക്താക്കൾക്ക് നിയമാനുസൃതമുള്ള ബിൽ നൽകാതിരിക്കുക എന്നിവയ്ക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

# ടർട്ടിൽ വാക്സിന്റെ കാർ കെയർ സ്റ്റുഡിയോ കോക്കൂരിൽ തുറന്നു



**മലപ്പുറം:** ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന 75 വർഷം പാരമ്പര്യമുള്ള അമേരിക്കൻ കാർ കെയറിംഗ് ബ്രാൻഡായ ടർട്ടിൽ വാക്സ് മലപ്പുറത്തെ ആദ്യ കാർകെയർ സ്റ്റുഡിയോ ഐഡി കാർ കെയറുമായി സഹകരിച്ച് ആലങ്കോട് കോക്കൂരിൽ തുറന്നു. ടർട്ടിൽ വാക്സ് കാർ കെയർ ഇന്ത്യ ഡെപ്യൂട്ടി ജിഎം ധീരജ് മംഗാനി, ഐഡി കാർ കെയർ ഉടമ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ സഹായത്തോടെ അത്യാധുനിക ടർട്ടിൽ വാക്സ് ഡീറ്റെയ്‌ലിംഗ് ടെക്നോളജിയും ഉപയോഗിക്കാൻ എളുപ്പവുമായ ടർട്ടിൽ വാക്സ് ഉൽപ്പന്നങ്ങളും അവ ഉപയോഗിച്ചുള്ള ഡിറ്റെയിലിംഗ് സേവനങ്ങളുമാണ് ടർട്ടിൽ വാക്സിന്റെ കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമാവുക.കാർ കെയർ, ഡീറ്റെയ്‌ലിംഗ് മേഖലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി സേവനങ്ങൾ നൽകി വരുന്ന സീബാർട്ട് കാർ കെയറുമായി ടർട്ടിൽ വാക്സ് ചേരുന്നതോടെ ഈ മേഖലയിലെ ഉപയോക്താക്കൾക്ക് ടർട്ടിൽ വാക്സിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളായ സെറാമിക്, ഗ്രാഫീൻ ശ്രേണിയിലെ സേവനങ്ങൾ ലഭ്യമാകും. ഒപ്പം കാർ പേറ്റന്റ് പെൻഡിംഗ് ഗ്രാഫീൻ സാങ്കേതികവിദ്യയുള്ള ഹൈബ്രിഡ് സൊല്യൂഷൻസ്, ഹൈബ്രിഡ് സൊല്യൂഷൻസ് തുടങ്ങിയ ടർട്ടിൽ വാക്സ് ഉൽപ്പന്നങ്ങളും പുതിയ കാർ കെയർ സ്റ്റുഡിയോയിൽ ലഭിക്കും.മലപ്പുറത്തെ ഈ പുതിയ സ്റ്റുഡിയോയിലൂടെ വടക്കൻ കേരളത്തിൽ ഉടനീളം മികച്ച കാർ ഡീറ്റെയിലിംഗ് സേവനം നൽകാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ടർട്ടിൽ വാക്സ് കാർ കെയർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സാജൻ മുരളി പുറവങ്കര പറഞ്ഞു. പുതിയ വാഹനങ്ങൾ റോഡിലിറക്കുന്നതിന് മുൻപുള്ള ഏറ്റവും നൂതനമായ ഡീറ്റെയിലിംഗ് സേവനങ്ങൾ ടർട്ടിൽ വാക്സ് കാർകെയർ സ്റ്റുഡിയോയുടെ സവിശേഷതയാണ്. വാഹനങ്ങളുടെ ബോഡി പെയിന്റിന് ഒരു തരത്തിലും ഹാനികരമല്ലാത്ത ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിലൂടെ പോറലുകൾ, അങ്ങേയറ്റം അസാധാരണമായ കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയിൽ നിന്ന് വാഹനങ്ങളെ സംരക്ഷിക്കുന്നതിനും ഈ ഉൽപ്പന്നങ്ങൾക്ക് സാധിക്കുന്നുവെന്നും അ്ദ്ദേഹം പറഞ്ഞു.ഓട്ടോമൊബീൽ മേഖലയേയും ഗുണനിലവാരത്തിനും സ്റ്റൈലിനും പേരു കേട്ട ഈ രംഗത്തെ ആഗോള ബ്രാൻഡുകളെയും ആവേശത്തോടെ ഇഷ്ടപ്പെടുന്നവരാകയാൽ കാർ കെയർ മേഖലയിലെ പ്രമുഖ ബ്രാൻഡായ ടർട്ടിൽ വാക്സ് ഇന്ത്യയുമായി സഹകരിക്കാനായതിൽ ഏറെ അഭിമാനമുണ്ടെന്ന് ഐഡി കാർ കെയർ ഉടമ നൗഫൽ കരുവാര കുന്നത്ത് പറഞ്ഞു. ടർട്ടിൽ വാക്സിന്റെ കാർ കെയർ സ്റ്റുഡിയോ പാർട്ണറാകുന്നതിലൂടെ തങ്ങളുടെ ഉപയോഗക്താക്കൾക്ക് കൂടുതൽ മികച്ച സേവനമെത്തിക്കുന്നതിനും ലോകോത്തര നിലവാരമുള്ള കാർകെയർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# റിലയൻസ് ഡിജിറ്റലിന്റെ 'ഡിജിറ്റൽ ഇന്ത്യ സെയിൽ' ഇന്ന് തുടങ്ങും

**കൊച്ചി:**റിലയൻസ് ഡിജിറ്റലിന്റെ ഡിജിറ്റൽ ഇന്ത്യ സെയിൽ ആദ്യ ഘട്ടം ഇന്ന് ആരംഭിക്കും. ജൂലൈ 14 മുതൽ 16 വരെ നടക്കുന്ന ഏറ്റവും വലിയ ഇലക്ട്രോണിക്സ് വിൽപ്പനയാണ്.പ്രമുഖ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾക്ക് 10,000/ രൂപ വരെ തൽക്ഷണ കിഴിവും, വ്യവസ്ഥകൾക്ക് അനുസരിച്ചുള്ള വില മാച്ച് ഗ്യാരണ്ടിയും (Price Match Guarantee ) ഉൾപ്പെടെ നിരവധി ആവേശകരമായ ഓഫറുകളും കിഴിവുകളും ലഭ്യമാണെന്ന് റിലയൻസ് അധികൃത് അറിയിച്ചു.ഉപഭോക്താക്കൾക്ക് ഈ പരിമിത കാലയളവിലെ ഓഫറുകൾ ജൂലൈ 16 വരെ ഏതെങ്കിലും റിലയൻസ് ഡിജിറ്റൽ സ്റ്റോറുകളിൽ നിന്നോ മൈ ജിയോ സ്റ്റോറുകളിൽ നിന്നോ നേടാം . ഓൺലൈനായി വാങ്ങാൻ www.reliancedigital.in-ൽ ലോഗിൻ ചെയ്യുക. എളുപ്പത്തിലുള്ള ഫിനാൻസിംഗ്, ഇഎംഐ ഓപ്ഷനുകൾ ലഭ്യമാണ് . ഉപഭോക്താക്കൾക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യയും വേഗത്തിലുള്ള ഡെലിവറിയും ഇൻസ്റ്റലേഷനും ലഭിക്കും.പുതുതായി ലോഞ്ച് ചെയ്ത മൊബൈൽ ഫോണുകൾ , ലാപ്ടോപ്പുകൾ, ടിവി, വാഷിംഗ് മെഷീനുകൾ റഫ്രിജറേറ്റർ എന്നിവ അത്യാകർഷകമായ വിലകളിൽ ലഭ്യമാകും.

# ധനവിഭവ സംയോജനം: തദ്ദേശസ്ഥാപനങ്ങളെ സഹായിക്കാൻ ജില്ലാതല സംഘം

**കൊച്ചി:** മാലിന്യ നിർമ്മാർജന സംസ്കരണ പദ്ധതിയിൽ ധനവിഭവ സംയോജനത്തിനായി തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളെ ഫെസിലിറ്റേറ്റ് ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല ഫെസിലിറ്റേഷൻ ടീമിനായി ഏകദിന പരിശീലനം കൊച്ചി കോർപറേഷൻ ഇ.എം.എസ് ടൗൺ ഹാളിൽ നടത്തി.ക്യാമ്പയിൻ പിന്നിട്ട പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങളും, പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം, ധന സമാഹരണത്തിനായുള്ള വിവിധ സ്രോതസുകൾ , എന്നിവയെ കുറിച്ച് ക്ലാസുകൾ നടന്നു. വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികളിലെ ഫണ്ടുകൾ സമയബന്ധിതമായി ഉപയോഗിക്കുവാനായി തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ റിസോഴ്സ് പേഴ്സൺമാരെ (ആർ പി) പ്രാപ്തരാക്കുക എന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.കിലയുടെയും ശുചിത്വ മിഷന്റെയും റിസോഴ്സ് പേഴ്സൺമാർ, ഖരമാലിന്യ സംസ്കരണ പദ്ധതി എഞ്ചിനീയർമാർ, കില തീമാറ്റിക് വിദഗ്ധർ, രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) കോ ഓഡിനേറ്റർമാർ, എന്നിവർ ഉൾപ്പെടുന്ന ടീമിന് വേണ്ടിയായിരുന്നു പരിശീലനം. ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനവും 2024 മാർച്ചോടു കൂടി മാലിന്യമുക്തമാക്കുന്നതിനായി ഹ്രസ്വ, ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജൈവ മാലിന്യവും അജൈവ മാലിന്യവും ഉറവിടത്തിൽ തന്നെ തരം തിരിക്കൽ, അജൈവ മാലിന്യം പൂർണമായ വാതിൽപ്പടി ശേഖരണം, ജൈവ മാലിന്യം പൂർണമായും ഉറവിടത്തിൽ തന്നെ സംസ്കരിക്കൽ, മാലിന്യ കൂമ്പാരം ഇല്ലാത്ത പൊതു ഇടങ്ങൾ സൃഷ്ടിക്കൽ, എല്ലാ ജലാശയങ്ങളിലും ഖര മാലിന്യം നീക്കം ചെയ്ത് സുഗമമായ നീരൊഴുക്ക് ഉറപ്പാക്കൽ എന്നീ ലക്ഷ്യങ്ങൾ മൂന്നു ഘട്ട പ്രവർത്തനങ്ങളിലായി കൈവരിക്കുക എന്നതാണ് 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

# വന്യമൃഗ ശല്യം: വടാട്ടുപാറയിൽ 7 കിലോമീറ്റർ ഹാങ്ങിങ് ഫെൻസിങ്

**കൊച്ചി:** കോതമംഗലം വടാട്ടുപാറയിൽ വന്യ മൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി ഏഴ് കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കാൻ അനുമതിയായി. 16 ലക്ഷം രൂപ ചെലവഴിച്ചാണ് ഫെൻസിങ് സ്ഥാപിക്കുക. മീരാൻസിറ്റി, പനം ചുവട്, അരീക്കസിറ്റി, സ്കൂൾപടി, പലവൻപടി എന്നീ പ്രദേശങ്ങളിലൂടെയാണ് ഏഴ് കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിങ് ഫെൻസിങ് വരുന്നത്.സാധാരണ രീതിയിലുള്ള ഫെൻസിങ്ങിനേക്കാൾ ഫലപ്രദമാണ് ഹാങ്ങിങ് ഫെൻസിങ്. പ്രത്യേക രീതിയിൽ വൈദ്യുതി കമ്പികൾ തൂങ്ങിക്കിടക്കും വിധത്തിലാണ് ഇതിന്റെ ക്രമീകരണം. അതുകൊ് ഫെൻസിങ് തകർത്ത് വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്ന സാഹചര്യമുാവില്ല.പദ്ധതിയുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കും. കോതമംഗലം നിയോജക മണ്ഡലത്തിലെ വന്യ മൃഗശല്യം നിലനിൽക്കുന്ന മറ്റ് പ്രദേശങ്ങളിൽ നബാർഡ് സ്കീമിലും സ്റ്റേറ്റ് പ്ലാനിലും ഉൾപ്പെടുത്തി ഫലപ്രദമായ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കുന്നതിന് വേിയുള്ള വിശദമായ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുന്നെും വൈകാതെ അംഗീകാരം ലഭിക്കുമെന്നും ആന്റണി ജോൺ എം.എൽ.എ പറഞ്ഞു.

# വനിതാ കമ്മീഷൻ സിറ്റിങ്: 12 പരാതികൾ തീർപ്പാക്കി

**കൊച്ചി:** കേരള വനിതാ കമ്മീഷൻ എറണാകുളം ജില്ലയിൽ നടത്തിയ സിറ്റിങ്ങിൽ ആദ്യ ദിനം 12 പരാതികൾ തീർപ്പാക്കി. 4 പരാതികൾ പോലീസ് റിപ്പോർട്ടിനായി അയച്ചു. 2 പരാതികൾ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയിലേക്കും ഒരു പരാതി കൗൺസിലിങ്ങിനായും അയച്ചു. ശേഷിക്കുന്ന പരാതികൾ അടുത്ത അദാലത്തിന് പരിഗണിക്കും. 57 പരാതികളാണ് ആദ്യ ദിനം പരിഗണിച്ചത്. കുടുംബ പ്രശ്നങ്ങൾ, സ്ത്രീകൾ നേരിടുന്ന മറ്റ് പ്രശ്നങ്ങൾ, ഗാർഹിക പീഡനം തുടങ്ങിയ വിഷയങ്ങളിലുള്ള പരാതികളാണ് ലഭിച്ചത്.ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന സിറ്റിങ്ങിൽ വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി. സതീദേവി, അംഗങ്ങളായ അഡ്വ. എലിസബത്ത് മാമൻ മത്തായി, അഡ്വ. ഇന്ദിരാ രവീന്ദ്രൻ, ഡയറക്ടർ ഷാജി സുഗുണൻ, പാനൽ അഡ്വക്കേറ്റ്മാരായ അഡ്വ. കെ.ബി രാജേഷ്, പി. യമുന, കൗൺസിലർ ബി.സന്ധ്യ എന്നിവർ പങ്കെടുത്തു.

# വഴിയാഞ്ചിറ നിവാസികൾക്ക് ആശ്വാസമായി കുടിവെള്ള പദ്ധതി

**കൊച്ചി:** കുടിവെള്ളം കിട്ടാക്കനിയായിരുന്ന വഴിയാഞ്ചിറ നിവാസികൾ ആശ്വാസത്തിലാണ്. ദീർഘ കാലമായുള്ള പ്രദേശവാസികളുടെ ആവശ്യത്തിനാണ് വഴിയാഞ്ചിറ കുടിവെള്ള പദ്ധതിയിലൂടെ പരിഹാരമായത്. പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെയുള്ള പ്രദേശത്തെ 15 ഓളം കുടുംബങ്ങൾക്കാണ് പദ്ധതിയിലൂടെ ശുദ്ധജലം ലഭ്യമായത്. കല്ലൂർക്കാട് പഞ്ചായത്തിലെ 11 ാം വാർഡിലാണ് വഴിയാഞ്ചിറ കുടിവെള്ള പദ്ധതി. സമീപ പ്രദേശങ്ങളിലൊന്നും കിണർ ഇല്ലാത്തതിനാൽ നാട്ടുകാർ വാട്ടർ അതോറിറ്റിയെയാണ് കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. എന്നാൽ വേനൽക്കാലത്ത് ജലം അപര്യാപ്തമാവുകയും ദിവസേനയുള്ള ആവശ്യങ്ങൾക്ക് വെള്ളം തികയാത്ത അവസ്ഥയും ഉായി.പ്രദേശവാസിയായ സാജു നെയ്ക്കുന്നേൽ സൗജന്യമായി വിട്ടു നൽകിയ സ്ഥലത്ത് കിണർ നിർമിച്ചാണ് കുടിവെള്ള പദ്ധതി തുടങ്ങിയത്. പദ്ധതിയിലൂടെ 5000 ലിറ്റർ വെള്ളം ശേഖരിക്കാനാകുന്ന ടാങ്ക് നിർമ്മിച്ച് വീടുകളിലേക്ക് പൈപ്പ് വഴി വെള്ളം ലഭ്യമാക്കുന്നു. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച അഞ്ച് ലക്ഷം രൂപയും പഞ്ചായത്തിന്റെ 15 ലക്ഷം രൂപയും ഉപയോഗിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. എം. വി. ഐ. പി. കനാലിനു സമീപത്തു കിണർ നിർമിച്ചതിനാൽ വേനൽ കാലത്തും കുടിവെള്ള ക്ഷാമം നേരിടില്ലെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.

## ഹിമാചലിൽ കുടുങ്ങിയ മലയാളി ഡോക്ടർമാർ ഇന്ന് കേരള ഹൗസിലെത്തും

**ന്യൂഡൽഹി:** ഹിമാചൽ പ്രദേശിലെ കനത്ത മഴയിലും മണ്ണിടിച്ചിലിലും ഒറ്റപ്പെട്ടുപോയ മലയാളി ഡോക്ടർമാർ ഇന്ന് അതിരാവിലെ കേരള ഹൗസിലെത്തുമെന്ന് കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി. തോമസ് അറിയിച്ചു. 27 പേരാണ് ആദ്യഘട്ടത്തിൽ എത്തിച്ചേരുന്നത്. 10 പേർ വനിതകളാണ്. ഇവർക്ക് കേരള ഹൗസിൽ താമസവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തും. മലയാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ന്യൂ ഡൽഹി കേരളാഹൗസിൽ 01123747079 എന്ന ഹെൽപ് ലൈൻ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കും. മലയാളികളുടെ സുരക്ഷയ്ക്കായി ആവശ്യമായ തരത്തിലുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ട്. ഹിമാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങളിലുള്ള മലയാളികളെല്ലാം തന്നെ സുരക്ഷിതരാണ്.

### പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

**കൊച്ചി:**വിവിധ കോഴ്സുകളുടെ 2022-23 വാർഷിക പരീക്ഷയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, പ്രൊഫഷണൽ ബിരുദ കോഴ്സുകൾ, വി.എച്ച്.എസ്.സി, ഡിപ്ലോമ, പോളിടെക്നിക്, ബിരുദാനന്തര കോഴ്സുകൾ, ടിടിസി, ബിരുദതല ബിരുദം കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിവിധ വിഷയങ്ങളിൽ കുറഞ്ഞത് ബി ഗ്രേഡ് എങ്കിലും ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ യോഗ്യതയുള്ളത് (മാർക്കടിസ്ഥാനത്തിലാണെങ്കിൽ കുറഞ്ഞത് 60 ശതമാനം). അർഹതയുള്ളവർ Egratnz3.0 എന്ന സൈറ്റിലൂടെ ആഗസ്റ്റ് 15 നകം ഓൺലൈനായി അപേക്ഷിക്കുകയും, ഹാർഡ് കോപ്പി അനുബന്ധ രേഖകൾ സഹിതം വിദ്യാർത്ഥിയുടെ സ്ഥിര താമസ പരിധിയിലുള്ള ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും വേണം.

### മസ്റ്ററിങ് ജൂലൈ 31 വരെ നീട്ടി

**കൊച്ചി:** കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളി കുടുംബ സാന്ത്വന പെൻഷൻ ഗുണഭോക്താക്കൾക്ക് അക്ഷയ കേന്ദ്രം വഴി മസ്റ്ററിങ് ചെയ്യുന്നതിനായി അനുവദിച്ചിരുന്ന സമയം 2023 ജൂലൈ 31 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക് : 0484 2800581.

### അപേക്ഷ സമർപ്പിക്കണം

**കൊച്ചി:**കേരള ഷോപ്പ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫ് ബോർഡ്, എറണാകുളം ജില്ലാ ഓഫീസിൽ അംഗത്വം എടുത്തിട്ടുള്ള അർഹരായിട്ടുള്ളവരുടെ മക്കൾക്ക് 202324 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ മുതൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ വരെയും, പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നവർക്കും സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടു. അർഹതയുള്ള അംഗങ്ങൾ 2023 ഒക്ടോബർ 31 ന് മുൻപായി എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേതാണ്. അപേക്ഷാ ഫോറം peedika.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം അംഗത്തിന്റെ ക്ഷേമനിധി ഐഡി കാർഡ് കോപ്പി, ആധാർകാർഡ്, ബാങ്ക് പാസ്സ്ബുക്ക് , പാസ്സായ കോഴ്സുകളുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം കൂടുതൽ വിവരങ്ങൾക്ക് 04842341677 എന്ന നമ്പറിൽ ബന്ധപ്പെടേതാണ്.

### കോച്ചിംഗ് ഗ്രാന്റിന് അപേക്ഷിക്കാം

**കൊച്ചി:** ആറു മാസത്തിൽ കുറയാത്ത കാലയളവിലുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിൽ പങ്കെടുത്ത് കീം2023/നീറ്റ്2023 എഴുതിയ വിമുക്തഭടന്മാരുടെ മക്കൾക്കുവേിയുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഗ്രാൻറിന് ആഗസ്റ്റ് 31 വരെ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

## ടിവിഎസ് എആർഇ ജിപി ചാമ്പ്യൻഷിപ്പ് അവതരിപ്പിച്ചു

**കൊച്ചി:**ടിവിഎസ് റേസിങ്, ടിവിഎസ് അപ്പാച്ചെ ഉടമകൾക്കായി ടിവിഎസ് അപ്പാച്ചെ റേസിങ് എക്സ്പീരിയൻസ് (എആർഇ) ജിപി ചാമ്പ്യൻഷിപ്പ് പ്രഖ്യാപിച്ചു. ടിവിഎസ് അപ്പാച്ചെ ഉടമകൾക്ക് റേസിങ് അനുഭവം നൽകാനും, അവരുടെ റേസിങ് കഴിവുകൾ പ്രദർശിപ്പിക്കാനും അവസരം നൽകുകയാണ് പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നതെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് ഹെഡ് വിമൽ സംബ്ലി പറഞ്ഞു.2007ൽ ആരംഭിച്ച ടിവിഎസ് അപ്പാച്ചെ റേസിങ് എക്സ്പീരിയൻസിൻറെ (എആർഇ) വിപുലീകരണമാണ് ഈ ചാമ്പ്യൻഷിപ്പ്. ചാമ്പ്യൻഷിപ്പിന്റെ ആദ്യ സീസണിൽ 20 നഗരങ്ങളിലായി 1000ത്തിലധികം ഉപഭോക്താക്കളെ ഉൾപ്പെടുത്തും. ടിവിഎസ് അപ്പാച്ചെ ആർടിആർ 160 ആന്റ് ടിവിഎസ് അപ്പാച്ചെ ആർടിആർ 180 ഉടമകൾ (കാറ്റഗറി 1), ടിവിഎസ് അപ്പാച്ചെ ആർടിആർ 200 4വി ഉടമകൾ (കാറ്റഗറി 2), ടിവിഎസ് അപ്പാച്ചെ ആർആർ 310 ഉടമകൾ (കാറ്റഗറി 3) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് ചാമ്പ്യൻഷിപ്പ് നടക്കുക.ജൂലൈ 15ന്




വഡോദരയിലും, ജൂലൈ 16ന് സൂറത്ത്, ഹൈദരാബാദ് എന്നിവിടങ്ങളിലും ആദ്യഘട്ട റൗണ്ടുകൾ അരങ്ങേറും. ഓരോ നഗരത്തിൽ നിന്നും ഓരോ കാറ്റഗറിയിലെയും ഒരു വിജയിയെ 2024 ജനുവരിയിൽ നടക്കുന്ന അവസാന റൗണ്ടിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യും. ഇവർക്ക് ടിവിഎസ് വൺ മേക്ക് ചാമ്പ്യൻഷിപ്പ് റേസ് സ്പെക് മോട്ടോർസൈക്കിളുകളിൽ മത്സരിക്കാൻ ചെയ്യാൻ അവസരം ലഭിക്കും. ചാമ്പ്യൻഷിപ്പിലെ വിജയിക്ക് മലേഷ്യയിലെ മോട്ടോജിപി കാണുന്നതിന് എല്ലാ ചെലവും വഹിച്ചുള്ള യാത്രയും, ടിവിഎസ് ഒഎംസി ആർആർ301ൻറെ രണ്ടാം റൗണ്ടിലേക്കുള്ള വൈൽഡ് കാർഡ് എൻട്രിയും, എക്സ്ക്ലൂസീവ് പെട്രോണസ് ടിവിഎസ് റേസിങ് മെർച്ചൻഡൈസും സമ്മാനമായി ലഭിക്കും.എഫ്ഐഎം ബജാ റാലി ലോകകപ്പ് ജേതാവ് ഐശ്വര്യ പിസ്സെ, 10 ദേശീയ ചാമ്പ്യൻഷിപ്പുകളിൽ ജേതാവായ ജഗൻ കുമാർ, 2022 ടിവിഎസ് ഏഷ്യൻ വൺ മേക്ക് ചാമ്പ്യൻഷിപ്പ് ജേതാവ് വോറപോങ് മലഹുവാൻ, കെ. വൈ അഹമ്മദ് എന്നിവർ ഉൾപ്പെടെ ടിവിഎസ് റേസിങ് വിദഗ്ധരുടെ മുഴുവൻ ദിവസത്തെ പരിശീലനവും പ്രായോഗിക ട്രാക്ക് സെഷനുകളും എക്സ്പീരിയൻസ് പ്രോഗ്രാമിൽ ഉൾപ്പെടും. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ താൽപര്യമുള്ള ടിവിഎസ് അപ്പാച്ചെ ഉടമകൾക്ക് https://tvsmotor.com/tsvracing വഴി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങളും ഈ വെബ്സൈറ്റിൽ ലഭിക്കും.സുരക്ഷിതവും എന്നാൽ ആവേശകരവുമായ റേസിങ് സംസ്കാരം പ്രോത്സാഹിപ്പിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതക്ക് അനുസൃതമായി, ടിവിഎസ് അപ്പാച്ചെ കമ്മ്യൂണിറ്റിക്കായി ഇന്ത്യയിൽ എആർഇജിപി ചാമ്പ്യൻഷിപ്പിൻറെ ആദ്യ പതിപ്പ് കൊണ്ടുവരുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്നും വിമൽ സംബ്ലി പറഞ്ഞു.

## എസ്ആർഎസ്–എക്സ്വി800 പാർട്ടി സ്പീക്കർ അവതരിപ്പിച്ച് സോണി ഇന്ത്യ

**കൊച്ചി:** ഉച്ചത്തിലും വ്യക്തവുമായ ശബ്ദത്തോടെ പാർട്ടി ആസ്വദിക്കാൻ ഇന്ത്യക്കായി പ്രത്യേകം രൂപകൽപന ചെയ്ത എസ്ആർഎസ്-എക്സ്വി800 സ്പീക്കർ അവതരിപ്പിച്ച് സോണി ഇന്ത്യ. പാർട്ടി ആഘോഷങ്ങൾക്ക് പുറമേ ഉപഭോക്താക്കൾക്ക്, ശക്തമായ ബാസിലും, മുറി നിറയുന്ന വ്യക്തമായ ശബ്ദത്തിലും തങ്ങളുടെ പ്രിയപ്പെട്ട സിനിമ കാണാനും, ടിവി പരിപാടികൾ ആസ്വദിക്കാനും എസ്ആർഎസ്-എക്സ്വി 800 സ്പീക്കർ ഉപയോഗിക്കാം. ഓമ്നി ഡയറക്ഷണൽ പാർട്ടി സൗണ്ട് എല്ലാ മൂലയിലും ശബ്ദമെത്തിക്കുമ്പോൾ, സോണി എക്സ്ബാലൻസ്ഡ് സ്പീക്കർ യൂണിറ്റുകൾ കേൾവി അനുഭവത്തെ മികവുറ്റതാക്കും.25 മണിക്കൂർ ബാറ്ററിലൈഫാണ എസ്ആർഎസ്-എക്സ്വി800 ലഭ്യമാക്കുന്നത്. വെറും 10 മിനിറ്റ് ചാർജ് കൊണ്ട് 3 മണിക്കൂർ പ്ലെയിങ് ടൈം ലഭിക്കും. രാത്രി മുഴുവൻ പാർട്ടിയെ സജീവമാക്കി നിലനിർത്താൻ ഇത് സഹായിക്കും. ടിവി ഓഡിയോ വിഷ്വൽ ഉള്ളടക്കം മെച്ചപ്പെടുത്താൻ സഹായിക്കുന്നതാണ് എസ്ആർഎസ്-എക്സ്വി800ന്റെ ടിവി സൗണ്ട് ബൂസ്റ്റർ ഫംങ്ഷൻ. പോർട്ടബിൾ ഡിസൈനാണ് പുതിയ സ്പീക്കറിന്. സൗകര്യപ്രദമായ ഉപയോഗത്തിനായി ബിൽറ്റ്ഇൻ വീലുകളും ഹാൻഡിലുമുണ്ട്.കരോക്കെ, ഗിറ്റാർ ഇൻപുട്ട്, ഇൻറ്റൂറ്റിവ് ടച്ച് പാനൽ, ഐപിഎക്സ്4 റേറ്റിങ്, ബ്ലൂടൂത്ത് കണക്റ്റിവിറ്റി തുടങ്ങിയ സവിശേഷതകളുള്ള ഒരു പോർട്ടബിൾ പാർട്ടി പവർഹൗസ് കൂടിയാണിത്. എസ്ആർഎസ്-എക്സ്വി800 ഉപയോഗിച്ച് പാർട്ടി മൂഡനുസരിച്ചുള്ള റൂം ലൈറ്റിങ് ക്രമീകരിക്കാനും സാധിക്കും. സോണി മ്യൂസിക് സെൻറർ, ഫിസ്റ്റബിൾ ആപ്പുകൾ എന്നിവ ഉപയോഗിച്ച് പ്ലേലിസ്റ്റുകൾ സൃഷ്ടിക്കാനും, വോയ്സ് ചേഞ്ചറിനൊപ്പം കരോക്കെ, എക്കോ, ഡിജെ കന്ട്രോൾ എന്നിവ ശബ്ദ ഇഫക്റ്റുകൾക്കായും ഉപയോഗിക്കാം.പരിസ്ഥിതി സൗഹൃദപരമായി പുനരുപയോഗം ചെയ്ത പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ചാണ് പുതിയ എസ്ആർഎസ്-എക്സ്വി800 രൂപകൽപന ചെയ്തിരിക്കുന്നത്. ജൂലൈ 14 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിൽ (സോണി സെൻറർ, സോണി എക്സ്ക്ലൂസീവ്), ംംം.ടവീുമടേഇ.രീ പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റു ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിൽ ലഭ്യമാകും. 49,990 രൂപയാണ് വില.




## മത്സ്യകൃഷി ഘടകപദ്ധതിക്ക് അപേക്ഷിക്കാം

**കൊച്ചി:** ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി ഘടകപദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി, സ്വകാര്യകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരുനെല്ലും ഒരു മീനും പദ്ധതി, പടുതാക്കളങ്ങളിലെ മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ ബയോഫ്ലോക്ക്, കടുമത്സ്യകൃഷി, ഞണ്ടുകൃഷി, കുളങ്ങളിലെ മീൻ കൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയാണ് ഘടകപദ്ധതികൾ.അപേക്ഷാ ഫോമുകൾ ഡയറക്ടർ മേഖല ഓഫീസിലും മത്സ്യഭവനുകളിലും ലഭിക്കും. 25ന് വൈകീട്ട് നാലുവരെ അപേക്ഷ സമർപ്പിക്കാം.

# കിംഗ്ഫിഷറിന്റെ ഓൺലൈൻ മർച്ചൻഡൈസ് സ്റ്റോർ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** രാജ്യത്തെ പ്രശസ്ത ബ്രാൻഡുകളിലൊന്നായ കിംഗ്ഫിഷറിന്റെ ആദ്യ ഓൺലൈൻ മർച്ചൻഡൈസ് സ്റ്റോറായ ഠഠഠ.സള.ഹശളല പ്രവർത്തനമാരംഭിച്ചു. ബംഗളൂരു ആസ്ഥാനമായ ബ്രാൻഡ് ലോയൽറ്റി വികസന, ബ്രാൻഡ് മർച്ചൻഡൈസ് നിർമാണ സ്ഥാപനവും ഇകൊമേഴ്സ്, മൾട്ടിചാനൽഇന്റഗ്രേറ്റഡ് ഇവന്റുകൾ എന്നിവയും നടത്തുന്ന ദി ഫാന്റവുമായി സഹകരിച്ചാണ് ഓൺലൈൻ സ്റ്റോർ തുറന്നിരിക്കുന്നത്. മ്രികച്ച ബാർ ആക്സസറികൾ, ആകർഷകമായ ബോർഡ് ഗെയിമുകൾ, ചുവർ അലങ്കാരങ്ങൾ, ട്രെൻഡി വസ്ത്രങ്ങൾ തുടങ്ങിയവ കിംഗ്ഫിഷർ മർച്ചൻഡൈസ് ഈ ഓൺലൈൻ സ്റ്റോറിലൂടെ ലഭ്യമാകും. ദി ഫാന്റവുമായുള്ള സഹകരണം പുതിയ തലമുറയുടെ അഭിരുചികൾ അടുത്തറിയാനും അവർ ആഗ്രഹിക്കുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും ഇന്ത്യയിലെ മുൻനിര ബ്രാൻഡായ കിംഗ്ഫിഷറിന സഹായിക്കുമെന്ന് ചീഫ് മാർക്കറ്റിംഗ് ഓഫീസർ വിക്രം ബാൽ പറഞ്ഞു. കിംഗ്ഫിഷർ പോലുള്ള ഒരു ഐക്കണിക് ബ്രാൻഡുമായി സഹകരിക്കുന്നതിൽ ഫാന്റം ബ്രാൻഡ്സ് ഏറെ അഅഭിമാനിക്കുന്നുവെന്ന് ഫാന്റം ബ്രാൻഡ്സ് സ്ഥാപകരായ തപൻ ബൻസാൽ, നരേൻ നികം, വിപുൽ മാത്തൂർ എന്നിവർ പറഞ്ഞു. ഹൈനെകെൻ ഗ്രൂപ്പിന്റെ ഭാഗവും ബെംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ യുണൈറ്റഡ് ബ്രൂവറീസ് ഇന്ത്യയിലെ ഏറ്റവും വലിയ ബിയർ നിർമ്മാതാക്കളാണ്.




പാക്കേജ്ഡ് കുടിവെള്ളം, സോഡ, അന്താരാഷ്ട്ര അംഗീകാരമുള്ള ബിയർ, ആൽക്കഹോളിതര പാനീയങ്ങൾ തുടങ്ങിയ ഉൽപ്പന്നമേഖലകളിലാണ് കമ്പനിയുടെ പ്രവർത്തനം. കിംഗ്ഫിഷർ സ്റ്റോം, ഹൈനെകെൻ, ഹൈനെകെൻ സിൽവർ, ആംസ്റ്റൽ, ഹൈനെകെൻ 0.0 തുടങ്ങിയവയാണ് ബ്രാൻഡുകൾ. ബ്രാൻഡ് ലോയൽറ്റി വളർത്തിയെടുക്കാൻ സഹായിക്കുന്ന ബ്രാൻഡ് മർച്ചൻഡൈസ് നിർമ്മിക്കുന്നതിലും വിൽക്കുന്നതിലും നൂതന സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരുകൂട്ടം പ്രൊഫഷനലുകളുടെ സംരംഭമാണ് ദി ഫാന്റം. ഇകൊമേഴ്സിന് പുറമേ ബ്രാൻഡുകളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനുള്ള മൾട്ടിചാനൽഇന്റഗ്രേറ്റഡ് ഇവന്റുകളും ഇവർ സംഘടിപ്പിക്കുന്നു.

# ഡോ. ജി. ബാലമുരളി ആസ്റ്റർ മെഡ്സിറ്റിയിൽ ചുമതലയേറ്റു



**കൊച്ചി:** പീഡിയാട്രിക് സർജറിയിലും പീഡിയാട്രിക് യൂറോളജിയിലും വിദഗ്ധനായ ഡോ. ജി. ബാലമുരളി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക്സ് ആന്റ് നിയോനറ്റോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ചുമതലയേറ്റു. ശസ്ത്രക്രിയയിൽ 15 വർഷത്തെ പ്രവർത്തിപരിചയവുമായാണ് അദ്ദേഹം ആസ്റ്ററിലേക്കെത്തുന്നത്.കഴിഞ്ഞ എട്ട് വർഷമായി പീഡിയാട്രിക് മിനിമൽ ആക്സസ് ശസ്ത്രക്രിയയിലും പീഡിയാട്രിക് യൂറോളജിയിലും സ്പെഷ്യലൈസ് ചെയ്യുന്ന ഡോ. ബാലമുരളി ജനറൽ, തൊറാക്സിക്, അബ്ഡോമിനൽ, ഓങ്കോളജി, യൂറോളജി, ട്രോമ തുടങ്ങി വിവിധ പീഡിയാട്രിക് ശസ്ത്രക്രിയകളിൽ വിദഗ്ധനാണ്. മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് 2002ൽ എം.ബി.ബി.എസും 2007ൽ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ നിന്ന് ജനറൽ സർജറിയിൽ എം.എസ് പൂർത്തിയാക്കിയ അദ്ദേഹം പിന്നീടാണ് പീഡിയാട്രിക് ശസ്ത്രക്രിയയിലേക്ക് മാറിയത്.തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് 2015ൽ എം.സി.എച്ചും ബാംഗ്ലൂർ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്തിൽ നിന്ന് പീഡിയാട്രിക് യൂറോളജിയിൽ ഫെലോഷിപ്പോടെ പരിശീലനവും നേടിയിട്ടുണ്ട്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിവിധ ആശുപത്രികളിലെ മികച്ച സേവനത്തിന് ശേഷമാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലേക്കെത്തുന്നത്.

# സ്റ്റാർട്ടപ്പുകളുടെ ശാക്തീകരണം ; പുതിയ പരമ്പരയുമായി പ്രൈം വിഡിയോ




**കൊച്ചി:** രാജ്യത്തെ പ്രതീക്ഷ നൽകുന്ന സ്റ്റാർട്ടപ്പുകളെ കണ്ടെത്തുന്നതിനും ശാക്തീകരിക്കുന്നതിനും ലക്ഷ്യമിട്ട് ആമസോണിന്റെ ഭാഗമായ പ്രൈം വീഡിയോയും കേന്ദ്രസർക്കാരിന്റെ പ്രിൻസിപ്പൽ സയന്റിഫിക് അഡൈ്വസർ ഓഫീസുമായി സഹകരിച്ച് സ്റ്റാർട്ട് അബ് എന്ന പുതിയ പരമ്പരയ്ക്ക് തുടക്കമിടുന്നു. ഏഴ് എപ്പിസോഡുള്ള പരമ്പര ഇത്തരത്തിൽപ്പെട്ട ആദ്യത്തേതാകുമെന്ന് പ്രൈം വിഡിയോയുടെ വാർത്താക്കുറിപ്പിൽ അറിയിച്ചു. തെരഞ്ഞെടുത്ത പത്ത് സ്റ്റാർട്ടപ്പ് സംരംഭകരുടെ നേട്ടങ്ങൾ കാഴ്ചവെയ്ക്കുന്ന പരമ്പരയിലൂടെ ഇവരിൽ നിന്ന് ഏറ്റവും മികച്ച മൂന്നു പേർക്ക് അടുത്ത യൂണികോൺ ആകുന്നതിനുള്ള നിക്ഷേപങ്ങളും പരമ്പരയിലൂടെ നൽകും. പങ്കെടുക്കുന്നവരുടെ സംരംഭകത്വം, മാനേജ്മെന്റ്, ആശയവിനിമയം, പ്രതിസന്ധികളെ നേരിടാനുള്ള കഴിവുകൾ തുടങ്ങിയവയാണ് പരമ്പരയിൽ വിലയിരുത്തുക.രാജ്യത്തെ ഏറ്റവും അടിസ്ഥാന ഘട്ടത്തിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്ന സ്റ്റാർട്ടപ്പ് സംരംഭകരുടെ വിജയകഥകൾക്കുള്ള പ്ലാറ്റ്ഫോമാകുന്നതിലൂടെ ഈ സീരിസ് വലിയ സാമൂഹിക മാറ്റത്തിന് പ്രചോദനമാകുമെന്നാണ് പ്രതീക്ഷയെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ പ്രിൻസിപ്പൽ സയന്റിഫിക് അഡൈ്വസർ അജയ് കുമാർ സൂദ് പറഞ്ഞു. അതേ സമയം തന്നെ എല്ലാത്തരം പ്രേക്ഷകർക്കും രസകരമായ വിധത്തിലാകും ഇതിന്റെ രൂപകൽപ്പന. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ പ്രത്യക്ഷമായും പരോക്ഷമായും പിന്തുണയ്ക്കുകയെന്നതാണ് പ്രൈം വിഡിയോയുടെ നയമെന്നും സ്റ്റാർട്ട് അബ് എന്ന പുതിയ പരമ്പരയ്ക്കായി കേന്ദ്രസർക്കാരിന്റെ പ്രിൻസിപ്പൽ സയന്റിഫിക് അഡൈ്വസറുടെ ഓഫീസുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ടെന്നും പ്രൈം വീഡിയോ ഇന്ത്യ കൺട്രി ഡയറക്ടർ സുശാന്ത് ശ്രീറാം പറഞ്ഞു. മുംബൈയിൽ നടന്ന ചടങ്ങിൽ ആമസോൺ ഇന്ത്യ, ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ പ്രതിനിധികൾ ലെറ്റർ ഓഫ് എൻഗേജ്മെന്റ് (എൽ.ഒ.ഇ.) ഒപ്പുവച്ചു. ജനപ്രിയ സിനിമാതാരവും സംരംഭകയും നിക്ഷേപകയുമായ ആലിയ ഭട്ടും ചടങ്ങിൽ പങ്കെടുത്തു.

# ആയുർ ഡിജിറ്റൽ ഹബ്ബ് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ആയുർവേദ ഡിജിറ്റൽ ഹബ്ബ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. തൊടുപുഴ ധന്വന്തരി വൈദ്യശാലയുടേയും മറ്റ് പ്രമുഖ സ്ഥാപനങ്ങളേയും ആയുർവേദ ഉൽപന്നങ്ങൾ ഇവിടെ ലഭ്യമാണ്. വളഞ്ഞമ്പലം രവിപുരം റോഡിൽ എൽ ഐ സി ഓഫീസിന് എതിർ വശത്താണ് ഹബ്ബ് പ്രവർത്തിക്കുന്നത്. പ്രമുഖ ആയുർവേദ കമ്പനികളുടെ പേറ്റന്റ് ഔഷധങ്ങൾ ഉൾപ്പെടെ എല്ലാവിധ ആയുർവേദ ഔഷധങ്ങളും ഇവിടെ ലഭ്യമാണ്. പരിചയ സമ്പന്നരായ ആയുർവേദ ഡോക്ടർമാരുടെ സേവനവും ഇവിടെ നിന്നും ലഭ്യമാണ്.

# ഐ ടി ഐ അഡ്മിഷൻ

**കൊച്ചി:**2023 ആഗസ്റ്റ് സെക്ഷനിലേക്കുള്ള ഐ ടി ഐ അഡ്മിഷൻ അപേക്ഷ സമർപ്പിക്കേ അവസാന 15/07/2023 ആണ്. www.itiadmissions.kerala.gov.in വെബ് സൈറ്റ് മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേത്. ഓൺലൈൻ അപേക്ഷക്കു ശേഷം തൊട്ടടുത്തുള്ള ഐടിഐയിൽ വെരിഫിക്കേഷൻ പൂർത്തിയാക്കേതു്. കൂടുതൽ വിവരങ്ങൾക്ക് www.det.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ 04842555505 ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേതാണ്.

# വാക്ക്ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ സ്വസ്തവൃത്ത വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവ്. പ്രസ്തുത തസ്തികയിലേയ്ക്ക് വാക്ക് ഇൻഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള നിയമന കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. യോഗ്യത ആയുർവേദത്തിലെ സ്വസ്തവൃത്ത വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ്സ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ പ്രവൃത്തി പരിചയം അഭിലഷണീയം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 25ന് രാവിലെ 11 ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പാൾ മുൻപാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേതാണ്.

# വൈപ്പിൻ സ്വകാര്യബസുകളുടെ നഗരപ്രവേശം: ആക്ഷേപങ്ങൾ 26ന് പരിശോധിക്കും

**കൊച്ചി:** വൈപ്പിൻകരയിൽ നിന്ന് സ്വകാര്യ ബസുകൾ എറണാകുളം നഗരത്തിൽ പ്രവേശിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ ആക്ഷേപങ്ങൾ പരിശോധിക്കുന്നതിന് 26ന് രാവിലെ 11 മണിക്ക് ഗവ. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ ശ്രുതി ഹാളിൽ യോഗം നടക്കും. ഗതാഗത (ബി) വകുപ്പ് ജോയിന്റ് സെക്രട്ടറി ഷീലാ എം. ആക്ഷേപങ്ങൾ സമർപ്പിച്ചവരെ നേരിൽ കേൾക്കും. ഒരു സംഘടനയിൽ നിന്ന് ഒരാൾ മാത്രം ഹാജരായാൽ മതിയെന്ന് അറിയിച്ചിട്ടുണ്ട്.

# അറ്റാദായത്തിൽ 42 ശതമാനം വർദ്ധനവ് നേടി ഫെഡറൽ ബാങ്ക്

കൊച്ചി: 2023 ജൂൺ 30 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ 42 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 853.74 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ പാദത്തിൽ 600.66 കോടി രൂപയായിരുന്നു അറ്റാദായം. സാമ്പത്തികപാദത്തിൻറെ ആദ്യപാദത്തിൽ പൊതുവെ വളർച്ചാനിരക്ക് കുറയുകയാണ് പതിവെങ്കിലും എല്ലാ മേഖലകളിലും വളർച്ച രേഖപ്പെടുത്താൻ സാധിച്ചതിലൂടെ നടപ്പു സാമ്പത്തികവർഷം മികച്ചൊരു തുടക്കമാണ് തങ്ങൾക്കു കാഴ്ചവെക്കാൻ സാധിച്ചതെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഓയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു. നിക്ഷേപത്തിലും വായ്പയിലും 21 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചതിലൂടെ ബാങ്കിന്റെ ആകെ ബിസിനസ് 4 ലക്ഷം കോടി എന്ന സുപ്രധാന നാഴികക്കല്ലാണു കടന്നിരിക്കുന്നത്. ഇതോടെ, ബാങ്കിന്റെ അറ്റാദായം 42 ശതമാനം വർദ്ധനവോടെ 854 കോടി രൂപ എന്ന നേട്ടവും കൈവരിച്ചു. വിവിധ അനുപാതങ്ങളിൽ കൈവരിക്കാൻ സാധിച്ച പുരോഗതി തികച്ചും പ്രചോദനം പകരുന്നതാണ്. ഏറ്റവുമധികം ആദരിക്കപ്പെടുന്ന ബാങ്ക് എന്ന ലക്ഷ്യത്തിലേക്കു മുന്നേറുമ്പോൾ ഈ നേട്ടം തുടരാൻ സാധിക്കുമെന്ന ശുഭാപ്തിവിശ്വാസമാണ് തങ്ങൾക്കുള്ളതെന്നും ശ്യാം ശ്രീനിവാസൻ കൂട്ടിച്ചേർത്തു.പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 33.80 ശതമാനം വർധനവോടെ പ്രവർത്തനലാഭം 1302.35 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 973.37 കോടി രൂപയായിരുന്നു പ്രവർത്തനലാഭം.ബാങ്കിന്റെ മൊത്തം ബിസിനസ് 21.17 ശതമാനം വർധിച്ച് 405982.91 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 183355.29 കോടി രൂപയായിരുന്ന നിക്ഷേപം 222495.50 കോടി രൂപയായി വർധിച്ചു.വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 154391.5 കോടി രൂപയിൽ നിന്ന് 186592.74 കോടി രൂപയായി വർധിച്ചു. റീട്ടെയൽ വായ്പകൾ 17.04 ശതമാനം വർധിച്ച് 58472.85 കോടി രൂപയായി. കാർഷിക വായ്പകൾ 19.69 ശതമാനം വർധിച്ച് 23287 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 22.11 ശതമാനം വർധിച്ച് 18369 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 21.50 ശതമാനം വർധിച്ച് 67141.62 കോടി രൂപയിലുമെത്തി.

അറ്റപലിശ വരുമാനം 19.57 ശതമാനം വർധനയോടെ 1918.59 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 1604.51 കോടി രൂപയായിരുന്നു. 4434.77 കോടി രൂപയാണ് ബാങ്കിൻറെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.38 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1274.59 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.69 ശതമാനമാണിത്. 70.02 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിൻറെ മൊത്തം മൂല്യം 22247.75 കോടി രൂപയായി വർധിച്ചു. 14.28 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1366 ശാഖകളും 1918 എടിഎമ്മുകളുമുണ്ട്.

# സർക്കാർ സീറ്റുകൾ വർദ്ധിപ്പിച്ചു

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന ആറ്റിങ്ങൽ, കൊട്ടാരക്കര, പൂഞ്ഞാർ എൻജിനിയറിങ് കോളേജുകളിൽ ഈ അദ്ധ്യയനവർഷം മുതൽ കമ്പ്യൂട്ടർ സയൻസ് ഉൾപ്പടെയുള്ള എല്ലാ ബ്രാഞ്ചുകളിലേയും 75 ശതമാനം സീറ്റുകൾ സർക്കാർ സീറ്റുകളാക്കി ഉത്തരവായി. അടൂർ, ചേർത്തല, കല്ലൂപ്പാറ, കരുനാഗപ്പള്ളി എൻജിനിയറിങ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസ് ഒഴിച്ചുള്ള മറ്റ് ബ്രാഞ്ചുകളിൽ 75 ശതമാനം സീറ്റുകളും സർക്കാർ സീറ്റുകളായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.യിലെ ഏഴ് എൻജിനിയറിങ് കോളേജുകളിൽ ഈ സീറ്റുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ ഫീസ് വിദ്യാർത്ഥികൾ നൽകിയാൽ മതി. കരുനാഗപ്പള്ളി എൻജിനിയറിങ് കോളേജിൽ പുതുതായി ആരംഭിച്ച ഇലക്ട്രോണിക്സ് ആൻഡ് വിഎൽഎസ്ഐ ബിടെക് കോഴ്സിനും സർക്കാർ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്, ഡാറ്റാ സയൻസ് തുടങ്ങി നിരവധി ന്യൂജെൻ കോഴ്സുകളും വിദേശ സർവ്വകലാശാലകളുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങളും ഈ അദ്ധ്യയനവർഷം ആരംഭിച്ചിട്ടുണ്ട്.

# പുതിയ ഡിയോ 125 പുറത്തിറക്കി ഹോണ്ട



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ ഏറ്റവും പുതിയ സ്പോർട്ടി ഡിയോ 125 അവതരിപ്പിച്ചു. ഡ്യുവൽ ഔട്ട്‌ലെറ്റ് മഫ്‌ലർ, സ്പോർട്ടി എക്സ്ഹോസ്റ്റ് നോട്ട് എന്നിവയ്ക്കൊപ്പം സ്പോർട്ടി ഫ്രണ്ട് ഡിസൈനാണ് പുതിയ ഡിയോ മോഡലിന്. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ 125സിസി പിജിഎം എഫ്ഐ എഞ്ചിനും ഹോണ്ട സ്മാർട്ട് കീയും പുതിയ ഡിയോ മോഡലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 10 വർഷത്തെ പ്രത്യേക വാറന്റി പാക്കേജും (3 വർഷ സ്റ്റാൻഡേർഡ് വാറന്റിയും, 7 വർഷ ഓപ്ഷണൽ വാറന്റിയും) ഹോണ്ട ഡിയോ ഉപഭോക്താക്കൾക്ക് നൽകുന്നു. പേൾ സൈറൺ ബ്ലൂ, പേൾ ഡീപ് ഗ്രൗണ്ട് ഗ്രേ, പേൾ നൈറ്റ്സ്റ്റാർ ബ്ലാക്ക്, മാറ്റ് മാർവൽ ബ്ലൂ മെറ്റാലിക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക്, മാറ്റ് സാങ്രിയ റെഡ് മെറ്റാലിക്, സ്പോർട്സ് റെഡ് എന്നീ 7 നിറഭേദങ്ങളിൽ വരുന്ന പുതിയ ഡിയോയുടെ സ്റ്റാൻഡേർഡ് വേരിയന്റിന് 83,400 രൂപയും, സ്മാർട്ട് മോഡലിന് 91,300 രൂപയുമാണ് ഡൽഹി എക്സ് ഷോറൂം വില.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com